## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 331</u> <u>10.12.2008 ൽ മറുപടിക്ക്</u>

## <u>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. മുരളി :<br>ശ്രീ. ടി. എൻ. പ്രതാപൻ :<br>ശ്രീ. കെ. ബാബു : | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ എത്ര ശതമാനം പണി പൂർത്തിയാക്കി;

(ബി) ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാനുള്ളത്;

**(എ) & (ബി)** കെ. എസ്. ടി. പി. പണികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരികയാണ്. തൊടുപുഴ - മൂവാറ്റുപുഴ, മൂവാറ്റുപുഴ - അങ്കമാലി എന്നീ റോഡുകളുടെ പണി 2007 ജനുവരിയിൽ പൂർത്തിയായി.

കഴക്കൂട്ടം - തൈക്കോട് (വെഞ്ഞാറമൂട്) - തൈക്കോട് - കൊട്ടാരക്കര - ചെങ്ങന്നൂർ, ആലപ്പുഴ - ചങ്ങനാശ്ശേരി എന്നീ റോഡുകളുടെ 65% പണി പൂർത്തിയായി.

പാലക്കാട് - ഷൊർണ്ണൂർ റോഡിന്റെ 42% പണി പൂർത്തിയായി.

തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെ 10% പണിയാണ് പൂർത്തിയായിട്ടുള്ളത്.

പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത 1000 കി.മീ. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ (ആർ.എം.സി.) 925 കി. മീ. പൂർത്തിയാക്കി. അവശേഷിക്കുന്ന 75 കി. മീ. ദൂരം ഉൾക്കൊള്ളുന്ന തിരുവനന്തപുരം - പൊന്മുടി റോഡിന്റെയും കുമളി - പൂപ്പാറ റോഡിന്റെയും പ്രവൃത്തികൾ മുടങ്ങിപ്പോയിരുന്നു. ഈ പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്ത് റീ ടെണ്ടർ ചെയ്യുകയുണ്ടായി. ഈ പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ടു ഏറ്റെടുത്ത പദ്ധതികളുടെ 70% പണികൾ പൂർത്തിയായി.

| | |
|---|---|
| (സി) ഈ പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ സമയം കഴിഞ്ഞതിനാൽ പണി നിർത്തിവെയ്ക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (സി) പണി നിർത്തിവയ്ക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (ഡി) എങ്കിൽ ബാക്കി പണി എപ്രകാരം പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ബാക്കി പണികൾ 2010 ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 332 — 10-12-2008-ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ: | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |

| | |
|---|---|
| എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കേന്ദ്രനിക്ഷേപം ഉണ്ടാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ)<br>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരത്ത് 2007-08-ൽ ആരംഭിച്ചു കഴിഞ്ഞു. തുടക്കത്തിൽ 270 കോടി രൂപയും വർഷംതോറും 40 കോടി ആവർത്തന ചെലവും ഉണ്ടാകും.<br>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ റിസർച്ച് 2008-09-ൽ തിരുവനന്തപുരത്ത് ആരംഭിച്ചുകഴിഞ്ഞു. 7 വർഷംകൊണ്ട് പൂർത്തിയാക്കപ്പെടുന്ന ഈ സ്ഥാപനത്തിന് 500 കോടിരൂപ നിക്ഷേപം പ്രതീക്ഷിക്കുന്നു.<br>കാസർഗോഡ് കേന്ദ്രയൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സ്ഥലമെടുപ്പ് തുടക്കമുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. 9 കൊല്ലംകൊണ്ട് പൂർത്തിയാകുന്ന ഈ സ്ഥാപനത്തിന് 720 കോടിരൂപ നിക്ഷേപമുണ്ടാകും.<br>ആലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ മലപ്പുറത്താരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഒരു ക്യാമ്പസ് കൊല്ലത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു.<br>തൃശൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള വേൾഡ് ക്ലാസ് സെൻട്രൽ യൂണിവേഴ്സിറ്റിയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു.<br>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കാൻ ചർച്ചകൾ നടത്തിവരുന്നു. |

| | |
|---|---|
| | കേരളത്തിലെ സർവകാശാലകളുമായി ബന്ധപ്പെട്ട് 5 മികവിന്റെ കേന്ദ്രങ്ങൾ. അതായത് എം.ജി.സർവകാശാലയിൽ പരിസ്ഥിതി പഠനത്തിനും മൂന്നാം ലോക പഠനത്തിനും, കോഴിക്കോട് സർവകാശാലയിൽ പാർശവവൽക്കരണത്തെയും വിവേചനത്തെയും കുറിച്ചുള്ള പഠനത്തിനും അറബിക് സ്റ്റഡീസിനും, കേരള സർവകാശാലയിൽ വിമൻസ് സ്റ്റഡീസിനും ആവശ്യമായ അനുമതിക്ക് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ട്.<br>വി.കെ.കൃഷ്ണമേനോന്റെ പേരിൽ കേരളത്തിൽ അന്താരാഷ്ട്ര പഠനങ്ങൾക്കായി ഒരു കേന്ദ്രവും സാമൂഹിക ശാസ്ത്രപഠനത്തിനായി ഒരു അന്തർ സർവകാശാല പഠനകേന്ദ്രവും തുടങ്ങുന്നതിന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്.<br>ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റിയുടെ ഒരു ക്യാമ്പസ് തുടങ്ങുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>സാങ്കേതികവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്ത് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള മൂന്ന് പദ്ധതി രേഖകൾ, അതായത്. സെന്റർ ഫോർ ഹൈസ്പീഡ് കമ്പ്യൂട്ടിംഗ്, സെന്റർ ഫോർ എക്സലൻസ് ഇൻ മെക്കട്രോണിക്സ്, സെന്റർ ഫോർ എക്സലൻസ് ഇൻ ബയോ ഇൻഫോമാറ്റിക്സ് എന്നിവ അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.<br>ഒരു സയൻസ് സിറ്റിയും രണ്ട് റീജിയണൽ സയൻസ് സെന്ററുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി രേഖകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.<br>പുതിയ 5 പോളിടെക്നിക്കുകൾ, 3 വനിതാ ഹോസ്റ്റലുകൾ, 12 പോളിടെക്നിക്കുകളുടെ അപ്ഗ്രഡേഷൻ, പോളിടെക്നിക് അധ്യാപകരുടെ ഇൻ സർവീസ് ട്രെയിനിംഗ് എന്നിവയ്ക്കായി 67.5 കോടി രൂപയ്ക്കുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.<br>9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളുടെയും അപ്ഗ്രഡേഷനുവേണ്ടി 72 കോടി രൂപയുടെ ഒരു പ്രോജക്ട് സമർപ്പിക്കുന്നതിനായി തയാറാക്കിവരുന്നു.<br>കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മൂന്ന് ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾക്കും തൃശൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിനും കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് സർക്കാരിൽനിന്നും കേന്ദ്രഗവൺമെന്റിന്റെ മാനവവിഭവശേഷി വകുപ്പിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. 2007-08 മുതൽ 100 ശതമാനം കേന്ദ്രസഹായത്തോടുകൂടി പിന്നോക്ക |

| | |
|---|---|
| | വിഭാഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. ആയിനത്തിൽ 83.6 ലക്ഷം രൂപ കോളേജ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ട്.<br>2007-08 മുതൽ കേന്ദ്രസഹായത്തോടുകൂടി മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതി നിലവിൽ വന്നു. 2007-08-ൽ ഈയിനത്തിൽ 396.86 ലക്ഷം രൂപ കോളേജ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ട്രെയിനിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 308 ലക്ഷം രൂപ കേന്ദ്രസഹായ പദ്ധതിയായി വകയിരുത്തിയിട്ടുണ്ട്.<br>കേരളത്തിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ സഹായത്തോടെ പുതിയ പഠനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിരേഖ തയാറായി വരുന്നു.<br>എൽ.ബി.എസ്. സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് വനിതകൾക്കായുള്ള എഡ്യൂക്കേഷൻ കോംപ്ലക്സിന്റെ പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>13-ാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ സംസ്ഥാനത്തെ സർവകലാശാലകളുടെ വികസനത്തിനായി 200 കോടി രൂപയുടെ പദ്ധതി സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.<br>കേരളത്തിൽ ഐ.ഐ.റ്റി. തുടങ്ങുന്നതുമായി ബന്ധപ്പെട്ട പദ്ധതിരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) ഈ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാഭ്യാസ മേഖലയിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു; | ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചു. കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു കേന്ദ്രസർവകലാശാല, ലോകനിലവാരമുള്ള സർവകലാശാല എന്നിവ സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണമില്ലാത്ത ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അലിഗാർ മുസ്ലീം സർവകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്ററും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഐ.ഐ.എസ്.റ്റി., ഐസർ എന്നീ സ്ഥാപനങ്ങൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| സി) കൊച്ചി സർവകലാശാല രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയെ ഐ.ഐ.ഇ.എസ്.റ്റി ആക്കി മാറ്റുന്നതിന് പ്രസ്തുത സർവകലാശാലയുടെ മുഴുവൻ ആസ്തിയും ബാധ്യതകളും കേന്ദ്രസർക്കാരിന് കൈമാറാൻ സന്നദ്ധമാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. എൻ.ഐ.റ്റി.ആക്ട്-ന്റെ പരിധിയിൽപ്പെടുത്തിക്കൊണ്ട് കുസാറ്റിനെ ഉയർത്താമെന്ന നിർദ്ദേശമാണ് കേന്ദ്രസർക്കാർ പ്രതിനിധികൾ മുന്നോട്ട് വച്ചത്. അതിനുപകരം ഐ.ഐ.റ്റി. നിലവാരത്തിലുള്ള സ്ഥാപനമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണത്തിനും അതിനാവശ്യമായ ഫണ്ട് വകയിരുത്തണമെന്നാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വച്ച ആവശ്യം. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പ്രതികരണം കിട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 333

10.12.2008 - ൽ മറുപടിക്ക്

## സഹകരണ വിപണനം കേരളീയം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. സി. കെ. സദാശിവൻ : | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വിപണനം കേരളീയം പദ്ധതി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിൽ എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ട് ; | (എ) | പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോൾ സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സഹകരണ വിപണനം പദ്ധതിയിലൂടെ അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ 10% മുതൽ 80% വരെ വില കുറച്ച് വിൽപ്പന നടത്തുക വഴി ഉപഭോക്താക്കൾക്ക് പൊതു വിപണിയിലെ വിലക്കയറ്റത്തിന്റെ രൂക്ഷത ബാധിക്കാതിരിക്കുന്നതിനും, പൊതു വിപണിയിലെ വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും വളരെയധികം സഹായിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഓണക്കാലത്ത് ഈ പദ്ധതി വഴി എത്ര രൂപയുടെ വില്പന നടത്തി ; സബ്സിഡി ഇനത്തിൽ ഉപഭോക്താക്കൾക്ക് എന്തു മാത്രം പ്രയോജനം ഉണ്ടായിട്ടുണ്ട് ; | (ബി) | 2008 ലെ ഓണക്കാലത്ത് ആകെ 99.52 കോടി രൂപയുടെ വില്പന നടത്തിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ഉപഭോക്താക്കൾക്ക് 11 കോടി രൂപയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. |
| (സി) | ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ച് പദ്ധതി വിപുലമായ രീതിയിൽ നടത്താൻ നടപടി സ്വീകരിക്കുമോ ; | (സി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി ആവശ്യമായ അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 334 — 10/12/2008-ൽ മറുപടിക്ക്

## കായിക വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം.ആരിഫ്:<br>ശ്രീമതി. കെ.കെ.ലതിക:<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ. കെ.കെ.ദിവാകരൻ: | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കരിക്കുലം സബ്കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | എ) കരിക്കുലം സബ് കമ്മിറ്റിയുടെ ഈ വിഷയത്തിലുള്ള ശുപാർശകൾ കരിക്കുലം കമ്മിറ്റിയുടെ പരിഗണനയിലാണ്. കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം മാത്രമേ ഇവ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയുള്ളു. |
| ബി) പദ്ധതി നടപ്പാക്കുന്നതിനായി എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കുമോ;<br>സി) പുതിയ ഒരു വിഷയം കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഫലമായി മറ്റു വിഷയങ്ങൾക്കുള്ള പീരിയഡുകളിൽ കുറവുണ്ടാകുന്നത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) യും സി) യും കരിക്കുലം കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചശേഷം ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഡി) സ്കൂളുകളിലെ കളിസ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | ഡി) സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർവഹിക്കുന്നത്. കായിക വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള ശുപാർശകൾ ലഭിച്ചശേഷം സ്കൂളുകളിലെ കളിസ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 335*** 10.12.2008 ൽ മറുപടിക്ക്

## മരാമത്ത് പണികളുടെ ഗുണ നിലവാരം

**ചോദ്യം**

ശ്രീ.പള്ളിപ്രം ബാലൻ;
ശ്രീ. എൻ. രാജൻ;
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. വി.എസ്.സുനിൽകുമാർ;
ശ്രീ.പി.തിലോത്തമൻ

(എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനും ഗുണനിലവാരപരിശോധന ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഏതെങ്കിലും പണികൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

**ഉത്തരം**

ശ്രീ. മോൻസ് ജോസഫ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഡ്രിക്ക് ബോർഡിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് കാര്യവട്ടത്തുള്ള കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സംവിധാനം നിലവിലുണ്ട്. കൂടാതെ ചില ജില്ലകളിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും വിഭാഗത്തിലും ദേശീയപാതാ വിഭാഗത്തിലും ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലൂടെ പൊതുമരാമത്ത് പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ടി.പി പദ്ധതിയിൽ മരാമത്ത് പണികൾക്കുള്ള സാധന സാമഗ്രികളുടെയും പണി കഴിഞ്ഞതിനുശേഷം തീർന്ന പണികളുടേയും ഗുണനിലവാരം പരിശോധിച്ചു ഉറപ്പുവരുത്തുന്നുണ്ട്. എന്നാലും വകുപ്പിലെ ഗുണനിലവാര പരിശോധനാസംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നകാര്യം സർക്കാർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി). വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ . 336 — 10.12.2008 ൽ മറുപടിക്ക്

### പലിശ രഹിത വായ്പ നല്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. പി. കൃഷ്ണ പ്രസാദ്<br>ശ്രീ. ജോർജ്ജ് എം. തോമസ് | ശ്രീ. ജി. സുധാകരൻ (സഹകരണവും ദേവസ്വവും കയറും വകുപ്പ് മന്ത്രി) |
| (എ) നെൽ കൃഷിക്കും പച്ചക്കറി കൃഷിക്കും നാലു ശതമാനം നിരക്കിൽ വായ്പ നൽകുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; | (എ) ഇല്ല. കാരണം നെൽകൃഷിക്ക് പലിശ രഹിത വായ്പയാണ് വിതരണം ചെയ്യുന്നത്. പച്ചക്കറി കൃഷിക്ക് 7% വരെ പലിശ ഈടാക്കുന്നുണ്ട്. |
| (ബി) ഈ പദ്ധതി അനുസരിച്ച് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര കോടി രൂപ വായ്പ നൽകി; | (ബി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പച്ചക്കറി കൃഷിക്ക് 4% പലിശ നിരക്കിൽ 40 കോടി രൂപയും നെൽകൃഷിക്ക്. പലിശ രഹിത വായ്പയായി 26.92 കോടി രൂപ (ഇരുപത്തിയാറ് കോടി 92 ലക്ഷം)യും വായ്പ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പരമാവധി എത്ര രൂപയാണ് ഈ പദ്ധതി അനുസരിച്ച് വായ്പ നൽകുന്നത്; | (സി) | ഒരേക്കർ ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നതിന് പരമാവധി 5,000/- രൂപയും നെൽകൃഷിക്ക് പലിശ രഹിത വായ്പ പദ്ധതി പ്രകാരം ഓരോ വിളയ്ക്കും പരമാവധി 25,000/- രൂപ വരെ 6 മാസക്കാലാവധിക്ക് വായ്പ വിതരണം ചെയ്തു വരുന്നു. |
| (ഡി) | ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നുണ്ട്. | (ഡി) | ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും നെൽകൃഷിക്കുള്ള പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനമാകെ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാനത്തൊട്ടാകെ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 337** **10.12.2008** ൽ മറുപടിക്ക്

## സർക്കാർ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി

<u>ചോദ്യം</u>

ശ്രീ. പി.ടി.എ റഹീം:
ശ്രീ. കെ.സി. രാജഗോപാലൻ:
ശ്രീ. ആർ. സെൽവരാജ്
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

<u>ഉത്തരം</u>

ശ്രീ. മോൻസ് ജോസഫ്
**(മരാമത്ത് വകുപ്പ് മന്ത്രി)**

(എ) സർക്കാർ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ പുരോഗതി വ്യക്തമാക്കുമോ;

(എ) കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് സർക്കാർ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഈ സാമ്പത്തിക വർഷം 2059 എന്ന മേജർ ശീർഷകത്തിൽ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 97.04 കോടി രൂപയും, 2216 എന്ന മേജർ ശീർഷകത്തിൽ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 3.78 കോടി രൂപയും, 3452 എന്ന മേജർ ശീർഷകത്തിൽ സർക്കാർ അതിഥി മന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 0.19 കോടി രൂപയും ഉൾപ്പെടെ ആകെ 101.01 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) അറ്റകുറ്റപ്പണികൾ സാമ്പത്തിക വർഷാവസാനം ധൃതി പിടിച്ച് നടത്തുന്ന പ്രവണത ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 338      10 /12/2008 – ൽ മറുപടിക്ക്

കേരള പോലീസ് അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു :<br>ശ്രീ. എ. സി. മൊയ്തീൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കേരള പോലീസ് അക്കാദമിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് അടുത്ത കാലത്ത് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) 2006 – ൽ എഫ് ആന്റ് ജി ക്വാർട്ടേഴ്സ് 90 എണ്ണവും. അമനിറ്റീസ് ബ്ലോക്ക്, പോസ്റ്റ് ഓഫീസ് ബിൽഡിംഗ്, ആർ വി പുരം പോസ്റ്റാഫീസ്, എസ്.ബി.ഐ. എ.ടി.എം. കൗണ്ടർ എന്നിവയും സ്ഥാപിച്ചു. 2007– ൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി, ഡോഗ് ട്രെയിനിംഗ് സ്കൂൾ ആന്റ് ഡോഗ് സ്ക്വാഡ് ഹെഡ് ക്വാർട്ടേഴ്സ്, ലൈൻ ക്വാർട്ടേഴ്സ് എന്നിവ പുതുക്കി നിർമ്മിച്ചു. മോഡൽ പോലീസ് സ്റ്റേഷൻ, എസ്. ബി. ഐ. എക്സ്റ്റൻഷൻ കൗണ്ടർ, എസ്. ബി. ഐ. ആർ വി പുരം ബ്രാഞ്ച് ആക്കി ഉയർത്തി നിർമ്മിച്ചു. സപ്ലൈകൊ സൂപ്പർ മാർക്കറ്റ്, ട്രാഫിക് ട്രെയിനിംഗ് സ്കൂളിനായുള്ള ശിലാസ്ഥാപനം എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 2008 – ൽ പരേഡ് |

| | |
|---|---|
| | ഗ്രൗണ്ട് ഗാലറി, കേരള പോലീസ് അക്കാദമിലേയ്ക്ക്, ക്രഷ് ബിൽഡിംഗ്, ക്യാമ്പ് ഫോളോവേഴ്സ് ബാരക്കുകൾ എന്നിവ പ്രവർത്തനക്ഷമമാക്കി. അക്വാട്ടിക് ട്രെയിനിംഗ് കോംപ്ലക്സ്, ഇൻഡോർ ട്രെയിനിംഗ് കോംപ്ലക്സ്, ട്രാഫിക് ട്രെയിനിംഗ് സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) അക്കാദമിയിലെ പാഠ്യ പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) തീവ്രവാദികളെ സമർത്ഥമായി നേരിടാൻ കഴിയുംവിധം പോലീസ് സേനയെ സജ്ജമാക്കുന്നതിന് എന്തെങ്കിലും പരിശീലന പരിപാടികൾ പരിഗണനയിലുണ്ടോ ; | (സി) തീവ്രവാദികളെ നേരിടുന്നതിനായി ഹരിയാനയിലെ എൻ എസ് ജി ട്രെയിനിംഗ് സെൻ്റർ, ചത്തീസ്ഖണ്ഡിൽ കൗണ്ടർ ടെററിസം ജംഗിൾ വാർഫെയർ കോളേജ് എന്നിവിടങ്ങളിൽ പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ സേനയിലുണ്ട്. കൂടാതെ എല്ലാ ആംഡ് ബറ്റാലിയനുകളിലും ആർമിയുടെ സഹായത്തോടെ സ്പെഷ്യൽ ഓപ്പറേഷനിൽ പരിശീലനം നടത്തി വരുന്നു. സ്ഫോടക വസ്തുക്കളും മറ്റും കണ്ടെടുക്കുന്നതിനും നിർവീര്യമാക്കുന്നതിനും പരിശീലനം ലഭിച്ച ബോംബ് ഡിറ്റൻഷൻ ആൻറ് |

| | |
|---|---|
| | ഡിസ്പോസൽ സ്കോഡുകളും നിലവിലുണ്ട്. തീവ്രവാദികളെ നേരിടുന്നതിനുവേണ്ടി ഇൻറലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്ര ഇൻറലിജൻസ് ബ്യൂറോയുടെ സഹായത്തോടുകൂടി പോലീസ് ട്രെയിനിംഗ് കോളേജിൽ ട്രെയിനിംഗ് സ്കൂൾ സ്ഥാപിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |
| (ഡി) ശാസ്ത്രീയ കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് അക്കാദമിയിൽ ഇൻ സർവീസ് ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ശാസ്ത്രീയ കുറ്റാന്വേഷണം പരിശീലിപ്പിക്കുന്നതിനായി ലോക്കൽ എ.എസ്.ഐ. മാർക്ക് 45 ദിവസത്തേയും ലോക്കൽ എച്ച്. സി. മാർക്ക് 50 ദിവസത്തേയും കോഴ്സുകൾ അക്കാദമിയിൽ നടത്തി വരുന്നു. കൂടാതെ മോഡണൈസിംഗ് ഗവൺമെൻറ് പ്രോഗ്രാമിൻെറ (എം. ജി. പി ) ഭാഗമായി 15 ദിവസത്തെ കോഴ്സുകൾ ശാസ്ത്രീയ കുറ്റാന്വേഷണം പഠിപ്പിക്കുന്നതിനായി സി. ഐ, എസ്.ഐ, എ.എസ്.ഐ. വിഭാഗത്തിലുള്ളവർക്ക് അക്കാദമിയിൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *339 — 10.12.2008 ൽ മറുപടിക്ക്

## ജീവൻ രക്ഷാ ഔഷധങ്ങളുടെ ലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) നീതി മെഡിക്കൽ സ്റ്റോറുകളിൽ ജീവൻ രക്ഷാ ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) നീതി മെഡിക്കൽ സ്റ്റോറുകളിൽ ജീവൻ രക്ഷാ ഔഷധങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഔഷധ വിതരണക്കാരുടെ സമ്മർദ്ദംമൂലം പല അവശ്യ മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് ലഭിക്കാത്ത സാഹചര്യം മുൻപുണ്ടായിരുന്നു. എന്നാൽ ഈ വിഷയത്തിൽ സർക്കാർ എടുത്ത ശക്തമായ നിലപാടുകളുടെ ഫലമായി മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| ബി) നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ഔഷധ വിതരണം നടത്തുന്നതിൽ ഔഷധ കമ്പനികൾ വിമുഖത കാണിക്കുന്നുണ്ടോ; | ബി) ഉണ്ട്. നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ഔഷധ വിതരണം നടത്തുന്നതിൽ **macleods** ഫാർമസ്യൂട്ടിക്കൽസ്, ബ്ലൂ ക്രോസ് ലബോറട്ടറീസ് എന്നീ മരുന്ന് കമ്പനികൾ വിമുഖത കാണിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഈ പ്രവണത തടയാൻ നിയമ നിർമ്മാണം നടത്തുമോ; | സി) | ആരോഗ്യവകുപ്പുമായി ആലോചിച്ച് ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| ഡി) | കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ഈ വർഷാവസാനത്തോടെ 100-ഉം, 3 വർഷത്തിനകം 500 ഉം നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുക എന്ന ലക്ഷ്യത്തോടെ ഓരോ പഞ്ചായത്തിലും ഒന്ന് വീതവും മുനിസിപ്പാലിറ്റികളിൽ രണ്ടു വീതവും കോർപ്പറേഷനുകളിൽ അഞ്ചു വീതവും നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 340 10..12..2008-ൽ മറുപടിയ്ക്ക്

## വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ വകുപ്പിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശീലനം നൽകൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളോടനുബന്ധിച്ചുള്ള വർക്ക് ഷെഡുകളുടെ നിർമ്മാണം, തൊഴിലധിഷ്ഠിത വിഷയങ്ങളുടെ പ്രാക്ടിക്കൽ മാനുവൽ കാലോചിതമായി പരിഷ്ക്കരിക്കൽ, പഠനത്തോടൊപ്പം തന്നെ ഉൽപാദനം നടത്തുന്നതിനും സേവനം നടത്തുന്നതിനുമുള്ള പരിശീലനം നൽകൽ, വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരവരുടെ തൊഴിൽ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശീലനം നൽകൽ, 50% നു താഴെ വിജയം നേടിയ ഗവൺമെന്റ്/എയിഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്കുള്ള പരിഹാര ബോധന പരിപാടി സംഘടിപ്പിക്കൽ, കാലഹരണപ്പെട്ട വൊക്കേഷണൽ കോഴ്സുകൾ കണ്ടെത്തി അവയുടെ സ്ഥാനത്ത് പുതിയ കോഴ്സുകൾ തുടങ്ങൽ, വിദ്യാർത്ഥികൾക്ക് അവരവരുടെ അഭിരുചിയ്ക്ക് അനുസരിച്ചുള്ള തുടർ വിദ്യാഭ്യാസ മേഖല കണ്ടു പിടിക്കുന്നതിന് സഹായിക്കൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് വിജയകരമായി പൂർ |

| | |
|---|---|
| | ത്തിയാക്കുന്നവർക്ക് തൊഴിൽ കണ്ടെത്താൻ സഹായിക്കൽ, വിദ്യാർത്ഥികളുടെ സുഗമമായ പഠനത്തിന് മോഡൽ ലാബ് സ്ഥാപിക്കൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ആത്മ വിശ്വാസം വളർത്തിയെടുക്കുന്നതിന് റിസ്സോഴ്സ് പി.റ്റി.സി.കൾ സ്ഥാപിക്കൽ, കോഴ്സ് പാസ്സാകുന്നവർക്കായി തൊഴിൽ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കൽ, തൊഴിൽ മേഖലയിൽ പ്രാവീണ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനായി മാതൃകാ വൊക്കേഷണൽ സ്ഥാപനങ്ങൾ ആരംഭിക്കൽ, കലാപരമായി മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകൽ തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| **(ബി)** ഏതെല്ലാം തൊഴിലുകളിൽ പരിശീലനം നൽകുന്ന പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്; വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | **(ബി)** എഞ്ചിനീയറിങ്, അഗ്രിക്കൾച്ചർ, മൃഗസംരക്ഷണം, പാരാമെഡിക്കൽ, ഫിസിക്കൽ എഡ്യൂക്കേഷൻ, ഹോംസയൻസ്, ഫിഷറീസ്, ട്രാവൽ & ടൂറിസം, കോമേഴ്സ് എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് അതത് കോഴ്സുമായി ബന്ധപ്പെട്ട വ്യവസായസ്ഥാപനങ്ങളിൽ ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകിവരുന്നു. ട്രെയിനിംഗിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 1090/- രൂപ നിരക്കിൽ സ്റ്റൈപന്റ് നൽകുന്നുണ്ട്. |
| **(സി)** വൊക്കേഷണൽ സ്കൂളുകളിലെ പണിശാലാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | **(സി)** നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 341 — 10.12.08 ൽ മറുപടിക്ക്

## ടൂറിസം ഡസ്റ്റിനേഷനുകളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. വി.എൻ.വാസവൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ ടൂറിസം ഡസ്റ്റിനേഷനുകളുടെ സമഗ്രവും ശാസ്ത്രീയവുമായ വികസനം ലക്ഷ്യമാക്കി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ; | (എ) ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രകൃതിരമണീയവും പരിസ്ഥിതി പ്രാധാന്യവുമുള്ള സ്ഥലങ്ങളെ കണ്ടെത്തി അവിടെ സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ടൂറിസം വകുപ്പ് നേരിട്ടും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ മുഖേനയുമാണ് ഇത്തരത്തിലുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നത്. ഇതിനായി സംസ്ഥാന പദ്ധതി വിഹിതവും കേന്ദ്ര സഹായവും ഉപയോഗിച്ചു വരുന്നു. ഇത്തരത്തിൽ വികസിപ്പിക്കുന്ന ഡസ്റ്റിനേഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട |

കാര്യങ്ങളിൽ യഥാസമയം ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ കീഴിൽ ' ഡസ്റ്റിനേഷൻ മാനേജ് മെന്റ് കൗൺസിലുകൾ ' രൂപീകരിച്ചിട്ടുണ്ട് . ഇവ ഡസ്റ്റിനേഷനുകളുടെ സുഗമമായ പരിപാലനത്തിന് സഹായകരമാകും.

(ബി) ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുമ്പോൾ മുഖ്യമായും സർക്കാർ പരിഗണിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ് ;

(ബി) 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് പ്രകാരം പ്രത്യേക വിനോദസഞ്ചാരമേഖലകളായി പ്രഖ്യാപിക്കുന്ന കേന്ദ്രങ്ങൾക്കാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് . പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിനു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ആ പ്രദേശത്തിന്റെ പരിസ്ഥിതി, ഭൂമിയുടെ നിലവിലുള്ള ഉപയോഗം, ഭാവിയിൽ ആ പ്രദേശത്തെ ഉചിതമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാം, പ്രകൃതിഭംഗിയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും സ്ഥാപനങ്ങളും കണ്ടെത്തി അവയെ എങ്ങനെ സംരക്ഷിക്കാം, ഈ സ്ഥലങ്ങളിലേക്ക് വിനോദ സഞ്ചാരികൾക്ക് എത്തിച്ചേരാനുള്ള പാതകളും റോഡുകളും എങ്ങനെ മെച്ചപ്പെടുത്താം. തദ്ദേശവാസികൾക്ക് ഈ പദ്ധതികൾ മൂലംഉണ്ടാകാവുന്ന സാമൂഹികവും ധനപരവുമായ നേട്ടങ്ങൾ എന്നീ വിഷയങ്ങളാണ് പരിഗണിക്കുന്ന മുഖ്യഘടകങ്ങൾ.

(സി) പുതുതായി ഏതെല്ലാം ടൂറിസം ഡസ്റ്റിനേഷനുകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

(സി) ആദ്യഘട്ടത്തിൽ മൂന്നാർ, കോവളം, കുമരകം, ഫോർട്ട് കൊച്ചി , വയനാട്, മുഴുപ്പിലങ്ങാട് , തേക്കടി എന്നീ ഡസ്റ്റിനേഷനുകൾക്കാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 342** 10-12-2008-ൽ മറുപടിക്ക്

**ഓട്ടോണമസ് കോളേജുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ്:<br>ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.എൻ.ശക്തൻ: | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |

| | |
| --- | --- |
| എ) സംസ്ഥാനത്ത് ഓട്ടോണമസ് കോളേജുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; | എ) ഇല്ല. |
| ബി) ഇല്ലാത്തപക്ഷം അത്തരം കോളേജുകൾ അനുവദിക്കാത്തത് എന്തുകൊണ്ടെന്നു പറയുമോ; | ബി) യു.ജി.സി.യുടെ ശുപാർശ അനുസരിച്ച് ബന്ധപ്പെട്ട സർവകലാശാലയാണ് സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ കോളേജിന് സ്വയംഭരണ പദവി നൽകി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടത്. ഇതിനായി സർവകലാശാലാ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. കൂടാതെ കേരളത്തിൽ അനുവദിക്കപ്പെട്ട സ്വാശ്രയ കോളേജുകളുടെ സർക്കാരുമായുള്ള നിസ്സഹകരണ മനോഭാവത്തിന്റെയും സർക്കാരിൽനിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്ന സർവകലാശാലകൾ പോലും സ്വയംഭരണാവകാശത്തിന്റെ പേരിൽ സർക്കാർ നിർദ്ദേശങ്ങളും ഓഡിറ്റ് വിഭാഗം ഉന്നയിക്കുന്ന തടസ്സങ്ങളും അവഗണിക്കുന്ന സാഹചര്യത്തിലും കോളേജുകൾക്ക് സ്വയംഭരണപദവി അനുവദിക്കുന്നതിന് അനുകൂലമായി ശുപാർശ ചെയ്യുന്നതിന് തല്ക്കാലം ഉദ്ദേശിക്കുന്നില്ല. |

| | |
|---|---|
| സി) മാധ്യമങ്ങളിൽ ഓരോവർഷവും പ്രസിദ്ധീകരിക്കുന്ന ഇന്ത്യയിലെ മികവുറ്റ കോളേജുകളുടെ ഗണത്തിൽ കേരളത്തിൽനിന്നുള്ളവ ഉൾപ്പെടാറുണ്ടോ; | സി) Electronics for You എന്ന ടെക്നിക്കൽ മാഗസിനിൽ 2008-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം 33-ാമതും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് 31-ാമതും ആയി റാങ്ക് ചെയ്തിട്ടുണ്ട്. |
| ഡി) ഇത്തരം കോളേജുകൾ എല്ലാംതന്നെ ഓട്ടോണമസ് കോളേജുകളാണോ എന്നു വ്യക്തമാക്കുമോ? | ഡി) സംസ്ഥാന സർക്കാരിലെ സാങ്കേതിവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽവരുന്ന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം ഓട്ടോണമസ് സ്ഥാപനമല്ല. എന്നാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് കേന്ദ്ര ഗവൺമെന്റിന്റെ ഓട്ടോണമസ് സ്ഥാപനമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 343

10-12-2008-ൽ
മറുപടിയ്ക്ക്

# പ്രവേശന പരീക്ഷാ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ്.<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി. | ശ്രീ. എം.എ. ബേബി<br>(പൊതു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയിൽ പരിഷ്കരണം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. പ്ലസ് ടു മാർക്കിന് വെയിറ്റേജ് ഏർപ്പെടുത്തുക. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കുക, +2 തലത്തിൽ വിവിധവിഭാഗങ്ങളിൽ (CBSC, ICSE, HSC) നിന്നുള്ള അപേക്ഷകരുടെ മാർക്ക് ഏകീകരിക്കുക, പ്രവേശനപരീക്ഷാ ചോദ്യബാങ്ക് ഏർപ്പെടുത്തുക എന്നിവ സംബന്ധിച്ച് പ്രവേശന പരീക്ഷാ പരിഷ്കരണ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) 2009 - ൽ നടക്കുവാൻ പോകുന്ന പ്രവേശന പരീക്ഷയിൽ തന്നെ പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുമോ; | (ബി) ഇതു സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.സി വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളോടൊപ്പം മത്സരിക്കുന്ന സംസ്ഥാന സർക്കാർ സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) പ്രവേശനപരീക്ഷയിൽ സംസ്ഥാന സർക്കാർ സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്ന സാഹചര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 344. — 10-12-2008 - ൽ മറുപടിക്ക്

## സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്.<br>ശ്രീ. എൻ. അനിരുദ്ധൻ.<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ.<br>ശ്രീ. കെ. രാജു.<br>ശ്രീ. രാജാജി മാത്യു തോമസ്. | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അർഹതയുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;<br><br>(ബി) വിദ്യാഭ്യാസചട്ടങ്ങൾക്കു വിധേയമായതും, രക്ഷാകർതൃസമിതികളും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാമെന്നു കരാർ ചെയ്യുന്നതുമായ സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ടോ; | 'എ' യും 'ബി' യും<br><br>13-06-2007 ലെ സ. ഉ.(പി) 107/07/പൊ.വി.വ. പ്രകാരം സംസ്ഥാനത്ത് സാധാരണഗതിയിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതില്ലന്നതാണ് സർക്കാരിന്റെ നയപരമായ തീരുമാനം. എന്നിരുന്നാലും. ആവശ്യമെന്നുകണ്ടാൽ സംസ്ഥാനത്തെ സുനാമി ബാധിത പ്രദേശങ്ങളിലും, ഹൈസ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലും കേരള വിദ്യാഭ്യാസ നിയമങ്ങൾക്ക് വിധേയമായി സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് അടുത്തവർഷം സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ഉണ്ട്. 35 പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു, ഇതിലേക്കാവശ്യമായ ഫണ്ട് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; | (ഡി) | സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എ. ഐ. സി. റ്റി. ഇ. യുടെ മാനദണ്ഡങ്ങൾ പ്രകാരം താഴെ പറയുന്ന സൗകര്യങ്ങൾ ഉണ്ടാകണം.<br><br>1.സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്ഥലം, ക്ലാസ്സ്മുറികൾ, വർക്ക്ഷോപ്പ്, ലബോറട്ടറി, ലൈബ്രറി തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ<br><br>2.ഫർണ്ണിച്ചർ, മെഷീനറി തുടങ്ങിയ ഉപകരണങ്ങൾ<br><br>3.യോഗ്യതയുള്ള അദ്ധ്യാപകരും, സാങ്കേതികവിഭാഗം ജീവനക്കാരും |
| (ഇ) | സ്വാശ്രയമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | എ. ഐ. സി. റ്റി. ഇ., ബന്ധപ്പെട്ട യൂണിവേഴ്സിറ്റി എന്നിവയുടെ അംഗീകാരം ലഭ്യമായശേഷം സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകി വരുന്നുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 345 | 10.12.2008 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ജി. സുധാകരൻ (സഹകരണം കയർ, ദേവസ്വം വകുപ്പ് മന്ത്രി) |
| (എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; | (എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾ കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും അയ്യപ്പ ഭക്തൻമാർക്ക് വിശ്രമ കേന്ദ്രവും, അന്നദാനവും, ചുക്ക് കാപ്പിയും, ഇന്റർനെറ്റ് മൊബൈൽ ഫോൺ ചാർജ്ജിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. സംസ്ഥാന സഹകരണ ബാങ്ക് ഡിസംബർ 15 മുതൽ ജനുവരി 15 വരെ വടശ്ശേരിക്കരയിൽ ഒരു വിശ്രമ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതാണ്. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ഈ വർഷം പമ്പയിൽ ഒരു എക്സ്റ്റൻഷൻ കൗണ്ടർ കം ഇൻഫർമേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം കൊല്ലം, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സഹകരണ ആശുപത്രികളിൽ നിന്നും ഡോക്ടർമാരുടെയും മറ്റു മെഡിക്കൽ സ്റ്റാഫ്കളുടെയും സേവനം വിട്ടു കൊടുത്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ കോരുത്തോട് സർവീസ് സഹകരണ ബാങ്ക് അഴുത, കാളകെട്ടി എന്നീ സ്ഥലങ്ങളിൽ അയ്യപ്പ ഭക്തർക്ക് സേവനം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) കഴിഞ്ഞ വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് | (ബി) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾ കഴിഞ്ഞ വർഷം അയ്യപ്പ ഭക്തൻമാർക്ക് സൗജന്യമായി വിശ്രമകേന്ദ്രവും, അന്നദാനവും ഇൻർനെറ്റ് മൊബൈൽ ഫോൺ ചാർജ്ജിംഗ് സൗകര്യങ്ങളും ഒരുക്കിയിരുന്നു. കൊല്ലം ജില്ലാ സഹകരണ ബാങ്ക് പുനലൂരും, കോട്ടയം ജില്ലാ സഹകരണ ബാങ്ക് കോട്ടയം റയിൽവേ സ്റ്റേഷനിലും, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് പത്തനംതിട്ടയിലും പെരുനാട്ടിലും, ഇടുക്കി ജില്ലാ സഹകരണ ബാങ്ക് കുമളിയിലും ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലുമാണ് അയ്യപ്പ ഭക്തൻമാർക്ക് വിവിധ തരത്തിലുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുള്ളത്. കോരുത്തോട് സർവീസ് സഹകരണ ബാങ്കിൻെറ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ സർവീസ് സഹകരണ ബാങ്കുകളുടെ സഹായത്തോടെ അഴുത, കാളകെട്ടി എന്നീ സ്ഥലങ്ങളിൽ അയ്യപ്പ ഭക്തന്മാർക്ക് സൗജന്യമായി ചുക്ക് വെള്ളം കരുപ്പെട്ടി കാപ്പി എന്നിവ വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ കൊല്ലം ജില്ലയിലെ എൻ. എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ ജില്ല സഹകരണ ആശുപത്രി, ഇരിങ്ങാലക്കുട സഹകരണ ആശുപത്രി, കണ്ണൂർ ജില്ലയിലെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി, പരിയാരം മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാരുടെയും മെഡിക്കൽ ടീമുകളുടേയും സേവനം വിനിയോഗിച്ചിരുന്നു. കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർമാരുടെ സേവനം വിട്ടുകൊടുത്തിരുന്നു. |

(സി) ഈ വർഷം കൂടുതലായി എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന അയ്യപ്പസേവാ കേന്ദ്രങ്ങളുടെ നടത്തിപ്പിനായി സഹകരണം, കയർ, ദേവസ്വം വകുപ്പു മന്ത്രി ചെയർമാൻ ആയും സംസ്ഥാന സഹകരണ ബാങ്കിൻെറ പ്രസിഡൻറ് വർക്കിംഗ് ചെയർമാൻ ആയും സഹകരണസംഘം രജിസ്ട്രാർ കൺവീനർ ആയും ശബരിമല മണ്ഡലപൂജ മകരവിളക്ക് മഹോൽസവ സേവന സഹകരണ കമ്മിറ്റി രൂപീകരിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് 03.09.08 ലെ 2652/08/RD നമ്പർ (സാധാ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച കമ്മിറ്റി 06.11.08 ൽ പത്തനംതിട്ട ജില്ലാ ബാങ്ക് ഹാളിൽ യോഗം കൂടി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൊല്ലം പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ല സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കൂടുതൽ സൗകര്യത്തോടെ ഈ വർഷവും വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ ബാങ്കിൻെറ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ, അമ്പലപ്പുഴ എന്നിവിടങ്ങളിൽ അയ്യപ്പസേവാ കേന്ദ്രങ്ങൾ 30.11.08 ൽ ബഹുമാനപ്പെട്ട ദേവസ്വം മന്ത്രി ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചു. പടനിലം, തുറവൂർ എന്നിവിടങ്ങളിൽ 16/12 മുതൽ ആലപ്പുഴ ജില്ലാ ബാങ്കിൻെറ ആഭിമുഖ്യത്തിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. പത്തനംതിട്ട ജില്ലാ ബാങ്കിൻെറ ആഭിമുഖ്യത്തിൽ പത്തനംതിട്ട KSRTC ബസ് സ്റ്റേഷനിലും 30.11.08 ൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്ത അയ്യപ്പ സേവകേന്ദ്രം ആരംഭിച്ചു. പത്തനംതിട്ട ബാങ്ക് റാന്നി തിരുവല്ല പെരിനാട് എന്നിവിടങ്ങളിൽ 16/12/08 മുതൽ അയ്യപ്പ സേവാകേന്ദ്രങ്ങൾ ആരംഭിക്കും. കൂടാതെ സംസ്ഥാന സഹകരണ ബാങ്ക് ഡിസംബർ 15 മുതൽ ജനുവരി 15 വരെ വടശ്ശേരിക്കരയിൽ ഒരു വിശ്രമകേന്ദ്രം പ്രവർത്തിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് പമ്പയിൽ ഒരു എക്സ്റ്റൻഷൻ കൗണ്ടർ കം ഇൻഫർമേഷൻ സെൻറർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ജില്ലാ സഹകരണ ബാങ്കുകൾ ഈ വർഷം കൂടുതൽ സ്ഥലങ്ങളിൽ വിശ്രമ സങ്കേതങ്ങൾ ആരംഭിച്ച് സേവനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (ഡി) | സഹകരണാശുപത്രികളിൽ നിന്നും ഡോക്ടർമാരുടെ സേവനം വിട്ടു കൊടുത്തിട്ടുണ്ടോ ? | (ഡി) | കഴിഞ്ഞ വർഷം കൊല്ലം ജില്ലയിലെ എൻ. എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ ആശുപത്രി, തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നും ഡോക്ടർമാരുടെ സേവനം വിട്ടുകൊടുത്തിരുന്നു. കോ- ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്) കീഴിലുള്ള എറണാകുളം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർമാരുടെ സേവനം വിട്ടുകൊടുത്തിരുന്നു. സഹകരണ ആശുപത്രികളിൽ നിന്നും 31 ഡോക്ടർമാരും 50 പാരാമെഡിക്കൽ ഉദ്യോഗസ്ഥരും ശബരിമലയിൽ സന്നദ്ധ പ്രവർത്തനത്തിൽ പങ്കെടുത്തു. |

Rajendran

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T 346* — 10.12.2008 ൽ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. മോൻസ് ജോസഫ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിക്കായി വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർനിർമ്മാണം സമയബന്ധിതമായി നടക്കുന്നില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഉണ്ടെങ്കിൽ ഇഴഞ്ഞുനീങ്ങുന്ന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ? | (ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് റോഡുകളിൽ പൈപ്പുകൾ കുഴിച്ചിടുന്നതിന് വേണ്ടി നിശ്ചിത കാലാവധിക്കകം തന്നെ പണി പൂർത്തിയാക്കണമെന്ന നിബന്ധനയിൽ വാട്ടർ അതോറിറ്റിക്ക് അനുവാദം നൽകിവരുന്നുണ്ട്. എന്നാൽ പലപ്പോഴും കാലാവധിക്കകം തന്നെ വാട്ടർ അതോറിറ്റിക്ക് പണികൾ പൂർത്തിയാകാൻ കഴിയാതെ വരുന്നു. അതുകൊണ്ട് തുടർന്നുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെ നീണ്ടുപോകാൻ ഇടവരുന്നുണ്ട്. പൈപ്പിടൽ ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുന്നതിനും ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും പലതവണ ചർച്ചകൾ നടത്തിയിട്ടുള്ളതും സമയബന്ധിതമായി പണികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ വാട്ടർ അതോറിറ്റിയുടെ പണി പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പോലും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് കഴിയുന്നിടത്തോളം ഭാഗങ്ങളിൽ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ: 347

10.12.2008 ൽ
മറുപടിക്ക്

## എയ്ഡഡ് കോളേജുകളിൽ നിയമന നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. എം.ഉമ്മർ | ശ്രീ. എം. എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) പ്രസ്തുത കോളേജുകളിൽ എല്ലാം കൂടി ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (ബി) കോളേജുകളിൽ നിന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം 897 അദ്ധ്യാപകരുടെ ഒഴിവുകൾ ഉള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (സി) 1998 മുതൽ അനുവദിച്ച കോഴ്സുകൾക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ നിലവിലുള്ള നിരോധനം നീക്കി അദ്ധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി)& (ഡി) 1998-2001 കാലയളവിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകരുത്/ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ കവിയരുത് എന്ന വ്യവസ്ഥയിൽ ആരംഭിക്കുന്നതിന് അനുവാദം നൽകിയ കോഴ്സുകളുടെ ജോലിഭാരം തസ്തിക നിർണ്ണയത്തിന് കണക്കാക്കുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിനുലഭിച്ചിട്ടുള്ള നിവേദനങ്ങളും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഉപദേശവും കണക്കിലെടുത്ത് പ്രസ്തുത കോഴ്സുകളുടെ ജോലിഭാരം കൂടി തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഇതിന്റെ സാമ്പത്തിക ബാദ്ധ്യത കൂടി പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.348 — 10.12.08–ൽ മറുപടിക്ക്

## റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജയരാജൻ :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ. പി.വിശ്വൻ :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി : | ശ്രീ.മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിൽ ഉണ്ടായിട്ടുളള പുരോഗതി വ്യക്തമാക്കാമോ ; | (എ) കേരളാ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് (RBDCK) പണിയാൻ നിർദ്ദേശം നൽകിയിട്ടുളള 48 റെയിൽവേ മേൽപ്പാലങ്ങളിൽ 13 എണ്ണത്തിന്റെ പണി പൂർത്തിയായി. വിവിധ ആർ.ഒ.ബി കളുടെ പണി പുരോഗമിക്കുന്നു. കോഴിക്കോട് നന്ദി-കണ്ണൂർ മുഴുപ്പിലങ്ങാട്,പാലക്കാട് സുൽത്താൻ പേട്ട്, വിക്ടോറിയ കോളേജ്, കടുക്കാംകുന്ന്, എറണാകുളം പുല്ലേപ്പടി, തൃശ്ശൂർ അത്താണി, കൊരട്ടി കാസർഗോഡ് ബേക്കൽ എന്നീ ആർ.ഒ.ബി കളുടെ അവശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കാൻ സർക്കാർ ശ്രമം നടത്തിവരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ പണി നടന്നുവരുന്നു. പാലക്കാട്-തൃശ്ശൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന മായന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. കൊല്ലം എസ്.പി ഗേറ്റിനു സമീപമുളള റെയിൽവേ മേൽപ്പാലത്തിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പന്നിയൻകര, കോട്ടയം ജില്ലയിലെ മൂലേടം, കുമാരനെല്ലൂർ, തിരുവനന്തപുരത്തെ ആനയറ എന്നീ റെയിൽവേ ഓവർബ്രിഡ്ജ്കളുടെ സ്ഥലമെടുപ്പിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ചൊവ്വരക്കും, അങ്കമാലി സ്റ്റേഷനുമിടയിൽ എൻ.എച്ച്-47-ൽ നിലവിലുളള റെയിൽവേ ഓവർബ്രിഡ്ജിനു സമീപം രണ്ടുവരി ആർ.ഒ.ബി നിർമ്മാണം പൂർത്തിയായി. പുതുനഗരം പാലക്കാട് സ്റ്റേഷനുകൾക്കിടയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന രണ്ടുവരി റെയിൽവേ ഓവർബ്രിഡ്ജിന്റെ ജി.എ.ഡി റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. |

——— ———

| | |
|---|---|
| (ബി) എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത് ; | (ബി) ആകെ 48 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ ആർ.ബി.ഡി.സി.കെ യ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) റെയിൽവേ പാലങ്ങൾ നിർമ്മിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; | (സി) സാധന സാമഗ്രികളുടെ വിലവർദ്ധന മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഫണ്ടിന്റെ അപര്യാപ്തത, സ്ഥലമെടുപ്പിലെ കാലതാമസം റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള താമസം തുടങ്ങിയവയാണ് പണികൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ. |
| ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം മൂലം പണി ആരംഭിക്കാൻ കഴിയാത്ത പാലങ്ങൾ ഏതെല്ലാമാണ് ; | (ഡി) സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം മൂലം പണി ആരംഭിക്കാൻ കഴിയാത്ത പാലങ്ങൾ താഴെ പറയുന്നവയാണ്.<br>1) പൊന്നുരുന്നി - എറണാകുളം ജില്ല<br>2) പരപ്പനങ്ങാടി - മലപ്പുറം<br>3) പയ്യന്നൂർ - കണ്ണൂർ<br>4) കുഞ്ഞിപ്പള്ളി- കോഴിക്കോട്<br>5) കൈനാട്ടി - കോഴിക്കോട്<br>6) കൊയിലാണ്ടി - കോഴിക്കോട്<br>7) ദേവദാർ - മലപ്പുറം<br>8) തിരുനാവായ - മലപ്പുറം<br>9) മുളങ്കുന്നത്തുകാവ് - തൃശ്ശൂർ<br>10) നന്തിക്കര - തൃശ്ശൂർ<br>11) ആളൂർ മാള - തൃശ്ശൂർ<br>12) വെള്ളാഞ്ചിറ - തൃശ്ശൂർ<br>13) ഡിവൈൻ നഗർ - തൃശ്ശൂർ<br>14) പുളിയനം - എറണാകുളം<br>15) പച്ചാളം - എറണാകുളം ജില്ല<br>16) നെടുമ്പാശ്ശേരി - എറണാകുളം ജില്ല<br>17) അറ്റ്ലാന്റീസ് - എറണാകുളം ജില്ല<br>18) പാലക്കാട്-കോമൺവെൽത്ത് - പാലക്കാട് ജില്ല<br>19) തലശ്ശേരി - കണ്ണൂർ ജില്ല<br>20) വടുതല - എറണാകുളം ജില്ല<br>21) കാഞ്ഞങ്ങാട്-കാസർഗോഡ് ജില്ല<br>22) ചെറുവത്തൂർ-കാസർഗോഡ് ജില്ല<br>23) കണ്ണൂർ ടൗൺ - കണ്ണൂർ ജില്ല<br>24) ജഗന്നാഥ ടെമ്പിൾ - കണ്ണൂർ ജില്ല<br>25) അമലാപുരി - നാലാംഗേറ്റ് - കോഴിക്കോട് ജില്ല<br>26) തൃശ്ശൂർ ടൗൺ - തൃശ്ശൂർ ജില്ല<br>27) ആനയറ - തിരുവനന്തപുരം ജില്ല<br>28) പന്നിയൻകര - കോഴിക്കോട്<br>29) കുമാരനെല്ലൂർ - കോട്ടയം<br>30) മൂലേടം - കോട്ടയം |

| | |
|---|---|
| (ഇ) ഫണ്ടിന്റെ അഭാവം പണി ഏറ്റെടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഇ) ഫണ്ടിന്റെ അഭാവം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: **349** — 10.12.2008 -ൽ മറുപടിക്ക്

### ഗ്രന്ഥശാലകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.അൽഫോൺസ് കണ്ണന്താനം
ശ്രീ.സി.കെ.പി.പത്മനാഭൻ
ശ്രീ.സാജു പോൾ
ശ്രീമതി. ജെ.അരുന്ധതി
ശ്രീ.വി.ശിവൻകുട്ടി

**ഉത്തരം**

ശ്രീ.എം.എ. ബേബി
( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി )

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ലൈബ്രറി കൗൺസിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ലൈബ്രറികൗൺസിൽ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വായനാശീലം വളരുന്ന തലമുറയ്ക്ക് നഷ്ടമാകാതിരിക്കാനായി ബാലവേദി കേന്ദ്രങ്ങൾ, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനങ്ങളുള്ള താലൂക്ക് റഫറൻസ് ലൈബ്രറികൾ, ഗ്രന്ഥശാലയോട് ചേർന്ന്, വനിതകളുടെ സാംസ്ക്കാരിക ഉന്നമനത്തിനായി വനിതാവേദികൾ, സ്കൂൾ വിദ്യാർത്ഥികൾക്കായി അക്ഷരോത്സവം, അഖിലകേരള വായനാമത്സരം, ഗ്രന്ഥശാലകളുടെ പഞ്ചായത്ത് തല നേതൃത്വസമിതികൾ, കരിയർ ഗൈഡൻസ്

സെന്ററുകൾ, ഗ്രന്ഥശാലകളിൽ നിന്നും പുസ്തകങ്ങൾ സ്ത്രീകൾക്കായി വീടുകളിലെത്തിക്കുന്ന വനിതാ പുസ്തക വിതരണ പദ്ധതി, പുതിയ പാഠ്യപദ്ധതിയോട് ബന്ധപ്പെട്ട് ഗ്രന്ഥശാലകളിൽ സ്റ്റുഡന്റ്സ് കോർണർ പദ്ധതി, ട്രൈബൽ ലൈബ്രറികൾ, വായന നിലവാരവും പ്രവണതയും വിലയിരുത്താനുമായി നിരക്ഷരരെ കണ്ടെത്തുവാനുമായി സർവ്വേ, മോഡൽ വില്ലേജ് ലൈബ്രറികൾ, ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് അക്കാഡമിക് - സെന്ററുകൾ, കോച്ചിംഗ് ക്ലാസുകൾ, ജയിൽ ലൈബ്രറി സർവ്വീസ് അനാഥമന്ദിരങ്ങളിലും ആശുപത്രികളിലും പ്രവർത്തിക്കുന്ന ലൈബ്രറികൾ, ജുവനൈൽ ഹോം സർവ്വീസ് എന്നിങ്ങനെയുള്ള പദ്ധതികളാണ് സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.

| | |
|---|---|
| (ബി) ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ലൈബ്രറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഇന്റർനെറ്റ് | (സി) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള അക്കാദമിക് സ്റ്റഡി സെന്ററുകളും താലൂക്ക് |

| | | |
|---|---|---|
| | സൗകര്യം ലഭ്യമാക്കുന്നതിനുമായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ : | റഫറൻസ് ലൈബ്രറികളും, ജില്ലാ പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ലൈബ്രറികളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ എ,ബി. എന്നീ ഗ്രേഡിലുള്ള ലൈബ്രറികളെ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് 750 ലക്ഷം രൂപയുടെ ഒരു പ്രോജക്റ്റ് 2009-2010 വർഷത്തെ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത് : | (ഡി) നല്ല നിലയിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ലൈബ്രറികൾക്ക് 2008-09 വർഷം മുതൽ പെർഫോമൻസ് ഗ്രാന്റായി 5,000 - രൂപ നൽകാനുള്ള ആദ്യഘട്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. ഒരു വർഷത്തിൽ 10 പരിപാടികൾ സംഘടിപ്പിക്കുന്ന എ മുതൽ എഫ് വരെ ഗ്രേഡിലുള്ള ലൈബ്രറികൾക്ക് 3,000 - രൂപ പ്രവർത്തന ഗ്രാന്റായി ഈ വർഷം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മികച്ച നിലവാരം പുലർത്തുന്ന ഗ്രന്ഥശാലകൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 30,000 - രൂപ |

യുടെ ഇ.എം.എസ്. പുരസ്ക്കാരവും സംസ്ഥാനത്തെ ഏറ്റവും നല്ല ഗ്രന്ഥശാലാ പ്രവർത്തകന് 15.000/- രൂപയുടെ പി.എൻ.പണിക്കർ പുരസ്ക്കാരവും നൽകി വരുന്നു. ഇതു കൂടാതെ ഡി.സി.പുരസ്ക്കാരം. പി. രവീന്ദ്രൻ പുരസ്ക്കാരം. എന്നിവയും മികച്ച ലൈബ്രറികൾക്ക് നൽകി വരുന്നു. മറ്റു പദ്ധതി - പദ്ധതിയേതര പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് വിവിധ ധനസഹായങ്ങൾ നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| ( ഇ ) | ലൈബ്രറികളെ സാംസ്കാരിക കേന്ദ്രങ്ങളായി ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ? | ( ഇ ) | കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സവിശേഷത തന്നെ അതിന്റെ കീഴിലുള്ള ഓരോ ഗ്രന്ഥശാലയും അതാത് പ്രദേശത്തെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങളാണ് എന്നുള്ളതാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കി ഗ്രന്ഥശാലകളിലൂടെ നടപ്പാക്കുന്നത്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ : 350

10.12.2008-ൽ
മറുപടിയ്ക്ക്

"ക്ഷേത്രങ്ങൾ ഏറ്റെടുക്കാൻ നടപടി"

ചോദ്യം
ശ്രീ. എ.പി.അനിൽകുമാർ

ഉത്തരം
ശ്രീ.ജി.സുധാകരൻ
ബഹുമാനപ്പെട്ട സഹകരണവും കയറും
ദേവസ്വവും വകുപ്പ് മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്തെ മികച്ച സ്വകാര്യ ക്ഷേത്രങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശ്യമുണ്ടോ; | (എ) ഇല്ല. മലബാർ ദേവസ്വം ബോർഡിനു കീഴിൽ ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിന് സ്വകാര്യ ക്ഷേത്രങ്ങളുടെ അധികാരികളോ, പൊതുജനങ്ങളോ ഹർജി സമർപ്പിച്ചാൽ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 57 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി ക്ഷേത്രങ്ങൾ ബോർഡിന് ഏറ്റെടുക്കാവുന്നതാണ്. ടി നടപടികളിലൂടെ മാത്രമേ മലബാർ ദേവസ്വം ബോർഡിന് ക്ഷേത്രങ്ങൾ ഏറ്റെടുക്കാൻ കഴിയൂ.<br>കെ.കെ.നായർ എക്സ് എം.എൽ.എ അദ്ദേഹത്തിന്റെ കുടുംബക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അഡ്വ.വി.പി. സുകുമാർ തന്റെ ക്ഷേത്രം ഏറ്റെടുക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.<br>കൊച്ചിൻ ദേവസ്വം ബോർഡിൽ സ്വകാര്യ ക്ഷേത്രം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ചാൽ ടി ക്ഷേത്രത്തെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തി ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

(ബി) ഈ ഗവൺമെന്റ് ഇതിനകം എത്ര ക്ഷേത്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ (മുൻ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ്) ശ്രീഭയങ്കാവ് ക്ഷേത്രം, ശ്രീ മധുര വനം ചെറുകണ്ടി ക്ഷേത്രം, ശ്രീമാമാനി ക്കുന്ന് ഭഗവതി ക്ഷേത്രം എന്നിവ പൊതു ക്ഷേത്രമായി പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട് കോട്ട ശ്രീ ആഞ്ജനേയ ക്ഷേത്രം ബഹു. ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി). 15587/2007-ാം നമ്പർ കേസിലെ വിധി പ്രകാരം ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചെ ങ്കിലും ഇപ്പോൾ കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ പിടിക്കപ്പറമ്പ് ക്ഷേത്രം, വല്ലച്ചിറ, കുറുമ്പിലക്കാവ് വേട്ടക്കരൻ കാവ്, പഴുവിൽ, തൻകുളം ശിവക്ഷേത്രം, കുഴൂർ, മാള, കുട്ടംബാട്ടുകാവ് ഭഗവതിക്ഷേത്രം, കരുമത്ര, പാമ്പൂര് സുബ്രഹ്മണ്യ ക്ഷേത്രം, തൃശ്ശൂർ എന്നി 5 ക്ഷേത്രങ്ങൾ ഏറ്റെടുത്തി ട്ടുണ്ട്. എന്നാൽ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടില്ല. അതിനാൽ ഏറ്റെടുക്കലിന് നിയമ പ്രാബല്യമില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽ മാണിക്യം ദേവസ്വം എന്നിവ ക്ഷേത്രങ്ങൾ ഏറ്റെടുത്തിട്ടില്ല.

(സി) ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായിട്ടുണ്ടോ;

(സി) മലബാർ ദേവസ്വം ബോർഡിനു കീഴിൽ ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ ക്ഷേത്രങ്ങൾ സർക്കാർ ഏറ്റെടുക്കുന്നു എന്നാരോപിച്ച് ചില സർക്കാർ വിരുദ്ധ മതസംഘടനകൾ മലപ്പുറം അങ്ങാടിപ്പുറം തളിക്ഷേത്ര പരിസരത്ത് പ്രതിഷേധയോഗം ചേർന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൻ കീഴിൽ എറണാകുളം ജില്ലയിലെ അംപാട്ടു കാവ് ദേവസ്വം ഏറ്റെടുക്കുന്നതിനെതിരെ ചിലരുടെ പ്രതിഷേധം ഉണ്ടായിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിൻ കീഴിൽ ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതി നെതിരെ പ്രതിഷേധങ്ങൾ ഉണ്ടായിട്ടില്ല. ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങ ളിലും പ്രതിഷേധം ഉണ്ടായിട്ടില്ല.

| | |
|---|---|
| (ഡി) ഏറ്റെടുത്ത പ്രൈവറ്റ് ദേവസ്വങ്ങളും ക്ഷേത്രങ്ങളും തിരിച്ചു ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എത്ര പേർ കോടതികളെ സമീപിച്ചിട്ടുണ്ട്? | (ഡി) മലബാർ ദേവസ്വത്തിൻ കീഴിൽ നിയമാനുസൃതം നടപടിക്രമങ്ങൾ പൂർത്തിയാക്കി പൊതു ക്ഷേത്രങ്ങളായി പ്രഖ്യാപിച്ചതിനെതിരെ ബത്തേരി ശ്രീ മഹാഗണപതി ക്ഷേത്രം, ശ്രീ വെള്ളായൂർ ക്ഷേത്രം, ശ്രീകണ്ണമ്പാലത്തെരു ഭഗവതി ക്ഷേത്രം, ശ്രീ മധുരവനം ചെറുകണ്ടി ക്ഷേത്രം പാലക്കാട് കോട്ട ശ്രീ ആഞ്ജനേയ സ്വാമി ക്ഷേത്രം എന്നീ 5 ക്ഷേത്രങ്ങൾ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.<br><br>തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലും, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലും ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആരും കോടതിയെ സമീപിച്ചിട്ടില്ല. അനാവശ്യമായി പുതിയ ക്ഷേത്രങ്ങൾ ഏറ്റെടുക്കാനോ ഉള്ളവ വിട്ടുകൊടുക്കാനോ ഈ സർക്കാർ ധൃതികാട്ടിയിട്ടില്ല. നിയമാനുസരണം ഭക്തരുടെ ആവശ്യം കണക്കിലെടുത്തുമാത്രമാണ് സർക്കാർ സമീപനം കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 351 10/12/2008-ൽ മറുപടിക്ക്

ഗുണനിലവാരമുള്ള വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.പി.വിശ്വൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പ് മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) പൊതുവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2006 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 33 ശതമാനത്തിൽ താഴെ വിജയം കൈവരിച്ച 107 വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുകയും പഠന നിലവാരം ഉയർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, ഇതര വകുപ്പുകൾ, ഔദ്യോഗിക സംവിധാനങ്ങൾ, അദ്ധ്യാപക സംഘടനകൾ, പി.ടി.എ. കൾ, സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. കൂടാതെ അദ്ധ്യാപക ശാക്തീകരണത്തിന് ക്ലസ്റ്റർ തല യോഗങ്ങളും പാഠ്യപദ്ധതി സമീപനവും സവിശേഷതകളും സമഗ്രമായി ഉൾക്കൊള്ളുന്നതിനും പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ അദ്ധ്യാപകരെ സജ്ജരാക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങളും സ്കൂൾ തല അസൂത്രണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താനും അതിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനങ്ങളും അദ്ധ്യാപകർക്കാവശ്യമായ തൽസ്ഥലപിന്തുണ |

⇨

സംവിധാനവും (ഒ.എസ്.എസ്.) നടപ്പിലാക്കി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി. വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ എന്നിവരുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന് രൂപം നൽകി. ജില്ലാ വിദ്യാഭ്യാസ സമിതിയുടെ പ്രവർത്തനം ശക്തമാക്കി.

ബി) ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി അംഗീകരിച്ചതിനെ തുടർന്ന് ഇതിനായികൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

ബി) ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന സമഗ്ര പദ്ധതിയുടെ ഭാഗമായി പിന്നോക്കം നില്ക്കുന്ന സ്കൂളുകളിൽ നടപ്പാക്കിയ നടപടികൾ ചുവടെ ചേർക്കുന്നു.

1. പഠനക്കൂട്ടങ്ങൾ :- എല്ലാ പ്രവർത്തി ദിനങ്ങളിലും ഔപചാരിക സ്കൂൾ സമയത്തിനു ശേഷം ചുരുങ്ങിയത് രണ്ട് മണിക്കൂർ സമയം വിദ്യാർത്ഥികൾ ഒന്നിച്ചിരുന്ന് പാഠഭാഗങ്ങൾ പഠിക്കുന്നതിനുള്ള പരിപാടി നടപ്പാക്കി;
2. അയൽപക്ക പഠന കേന്ദ്രങ്ങൾ:- കുട്ടികൾക്ക് അവരവർ താമസിക്കുന്ന പ്രദേശത്തെ ഒരു പൊതു സ്ഥലത്ത് സമൂഹത്തിൻെറ ശ്രദ്ധയോടെ രാത്രി 7 മുതൽ 9 മണി വരെ ഇരുന്ന് പഠിക്കാനുള്ള സൗകര്യം ഒരുക്കുന്ന അയൽപക്ക പഠന കേന്ദ്രങ്ങൾ രൂപീകരിച്ചു;
3. ഗൃഹസന്ദർശന പരിപാടി:- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥയ്ക്ക് കാരണം അവരുടെ കുടുംബ പശ്ചാത്തലവും ചുറ്റുപാടുമാണ് എന്ന് കണ്ടെത്തിയതിൻെറ അടിസ്ഥാനത്തിൽ ഇതിനെ പ്രചോദിപ്പിക്കാനായി ഗൃഹസന്ദർശന പരിപാടി നടപ്പിലാക്കി;
4. ഉച്ചഭക്ഷണം:- ഹൈസ്കൂൾ ക്ലാസ്സുകളിൽ 25 ശതമാനത്തോളം കുട്ടികൾ ഉച്ച ഭക്ഷണം കഴിക്കുന്നില്ല എന്ന കണ്ടെത്തലിൽ നിന്ന് പഠനം ഫലപ്രദ

⇨

4. മാക്കാനായി ഈ പരിപാടി നടപ്പിലാക്കി;
5. സ്കൂൾ ഭൗതിക സാഹചര്യങ്ങൾ:- ലാബുകൾക്കും ലൈബ്രറികൾക്കും പ്രത്യേക ഫണ്ടുകൾ നല്കി;
6. പ്രാഥമിക സൗകര്യങ്ങൾ:- സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഇടപെടലുകളിലൂടെ കുടിവെള്ളം, മൂത്രപ്പുര തുടങ്ങിയ കാര്യങ്ങളിൽ പുരോഗതിയുണ്ടാക്കി;
7. പഠന സാമഗ്രികൾ:- 'ഒരുക്കം', 'ചങ്ങാതി' തുടങ്ങിയ പ്രത്യേക പഠന സഹായികൾ തയ്യാറാക്കി നല്കിവരുന്നു. ഇതിനുവേണ്ടി പ്രത്യേക പരിശീലനവും അദ്ധ്യാപകർക്ക് നല്കുന്നുണ്ട്;
8. ക്ലാസ്സ് പി.ടി.എ-കൾ:- ക്ലാസ് പി.ടി.എ.കൾ രൂപീകരിച്ചതുവഴി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും നേരിട്ട് ബന്ധം സ്ഥാപിക്കുവാൻ കഴിയുകയും ഏറ്റവും പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകുവാനും കഴിഞ്ഞു.

| | |
|---|---|
| സി) പരീക്ഷാ ഫലത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) എസ്.എസ്.എ. പദ്ധതി പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് എന്തുമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് വിഭാവനം ചെയ്യപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എസ്.എസ്.എ. പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ട്. അതിന്റെ ഭാഗമായി ഒന്നുമതുൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം നല്കി. തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ |

⇨

'നൂറ്റുക്ക് നൂറ്' പരിപാടി നടപ്പാക്കിവരുന്നു. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, എസ്.എസ്.എ എന്നിവ സംയുക്തമായി 'ഹരിത വിദ്യാലയം' എന്ന പരിപാടി നടപ്പിലാക്കി. പഠനോപകരണങ്ങൾ വാങ്ങാനുള്ള ഗ്രാൻറ്, സ്കൂൾ ഗ്രാൻറ് വിതരണം, മണ്ണെഴുത്ത് വർക്ക്ബുക്ക്, ഈച്ച് വൺ ലോഞ്ച് വൺ പ്രോഗ്രാം, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസം, നിർമ്മാണ പ്രവർത്തനങ്ങൾ, ആദ്യകാല ശിശു വിദ്യാഭ്യാസം, ന്യൂന പക്ഷ വിഭാഗങ്ങൾക്കായുള്ള പ്രത്യേക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, റെമഡിയൽ ടീച്ചിംഗ്, എഴുത്തുക്കൂട്ടം-വായനക്കൂട്ടം പരിപാടി, വിദ്യാലയങ്ങൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങാനുള്ള ധനസഹായം, പരീക്ഷാ രീതി നവീകരണം, കുട്ടികളുടെ സിനിമാ നിർമ്മാണം എന്നിങ്ങനെയുള്ള എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 352**

**10.12.2008 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. എം. ഹംസ : | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സ്ഥാപനങ്ങൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ; | (ബി) | വർഷം 5 കോടി രൂപയിലേറെ നഷ്ടത്തിലാണ് കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. |
| (സി) | സഹകരണ പ്രൊഫഷണൽ കോളേജുകളിലെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; | (സി) | സഹകരണ പ്രൊഫഷണൽ കോളേജുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ഡി) | കൂടുതൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്.<br>കേരള സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന സ്ഥാപനം തിരുവനന്തപുരത്ത് നെയ്യാർ ഡാമിനടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2009-10 വർഷം മുതൽ 60 സീറ്റുള്ള എം.ബി.എ കോഴ്സ് ആരംഭിക്കുന്നതിന്, എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എം.സി.എ. കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ എ.ഐ.സി.റ്റി.ഇ.യുടെ പരിഗണനയിലാണ്.<br>ഒരു നിയോജക മണ്ഡലത്തിൽ ഒരു |

സഹകരണ പ്രൊഫഷണൽ കോളേജ് സ്ഥാപിക്കുക എന്ന പദ്ധതി പ്രകാരം വിവിധ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരവധി സഹകരണ പ്രൊഫഷണൽ കോളേജുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതനുസരിച്ച് കേപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളത്തെ സഹകരണ മെഡിക്കൽ കോളേജ് കാമ്പസിൽ നഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, ഡെന്റൽ കോളേജ് എന്നിവയും പുന്നപ്ര എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് ജില്ലയിലും മറ്റ് സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിൽ രണ്ടും, കൊല്ലം ജില്ലയിൽ രണ്ടും, എറണാകുളം ജില്ലയിൽ ഒന്നും, മലപ്പുറം ജില്ലയിൽ രണ്ടും,കോഴിക്കോട് ജില്ലയിൽ മൂന്നും, വയനാട് ജില്ലയിൽ ഒന്നും കണ്ണൂർ ജില്ലയിൽ ആറും കാസർഗോഡ് ജില്ലയിൽ രണ്ടും പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

Sasikumar

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 353* — 10.12.2008 ൽ മറുപടിക്ക്

### റോഡ് നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു;<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽകുമാർ; | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡുനയം രൂപീകരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; | (ബി).സമിതിയിലെ അംഗങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1.ശ്രീ. അരുൺ ഹെരൂർ, കൺസൾട്ടിംഗ് ട്രാൻസ്പോർട്ട് പ്ലാനർ, ബാംഗ്ലൂർ (ചെയർമാൻ)<br>2. പ്രൊഫ. എ.കെ.ശർമ്മ, ഡീൻ, സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ച്ചർ, ന്യൂഡൽഹി<br>3.ശ്രീ. കുഞ്ചെറിയ പി. ഐസക്ക്, പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വയനാട്.<br>4. ശ്രീ.കെ.ജോസഫ് മാത്യു, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്<br>5.ശ്രീ.സുരേശൻ കൊയിലേറിയൻ, ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ - കേരള<br>6. ശ്രീ.പി.കെ. സതീശൻ, ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസ്<br>7. ശ്രീ. റ്റോമി സിറിയക്, ടെക്നിക്കൽ ഓഫീസർ, റോഡ്സ്, കെ.എസ്.യു.ഡി.പി, (മെമ്പർ സെക്രട്ടറി) |

| | |
|---|---|
| (സി) ഈ സമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ: | (സി) ഇല്ല |
| (ഡി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ഡി) ബാധകമല്ല |
| (ഇ) ഈ സമിതിക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവായി; | (ഇ) നാളിതുവരെ തുകയൊന്നും ചെലവായിട്ടില്ല. |
| (എഫ്) എക്സ്പ്രസ്സ് ഹൈവേ സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ ? | (എഫ്) എക്സ്പ്രസ്സ് ഹൈവേ സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354 . 10..12..2008ൽ മറുപടിയ്ക്ക്

## ബിരുദ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. വി.ഡി. സതീശൻ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

(എ) ബിരുദ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(എ) നിലവിലുള്ള ബിരുദ പഠനത്തിൽ നിന്ന് വ്യത്യസ്തമായി ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മാനവികം, ബിസിനസ്സ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ സ്പെഷ്യലൈസേഷനോടു കൂടിയോ അല്ലാതെയോ നിശ്ചിത ക്രെഡിറ്റ് മുഖേന ബിരുദം സമ്പാദിക്കുന്ന രീതിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിഭാവനം ചെയ്യുന്നത്. കുറഞ്ഞത് ആറും പരമാവധി പത്തും സെമസ്റ്ററുകൾ വിഭാവനം ചെയ്യുന്ന ബിരുദ പഠനത്തിൽ ആദ്യ രണ്ട് സെമസ്റ്ററുകളിൽ പൊതുവായ വിഷയങ്ങളും മറ്റ് സെമസ്റ്ററുകളിൽ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന വിഷയങ്ങളും പഠിക്കാവുന്നതാണ്. വിവര വാർത്താ വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠന സംവിധാനത്തിൽ, ഓരോ കോഴ്സിന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന കരിക്കുലവും ആർജ്ജിച്ച അറിവ്, ഈ അറിവിന്റെ ഉപയോഗം, വിവർശനാത്മകമായ മൂല്യനിർണ്ണയം എന്നിവയുടെ സമ്മിശ്രമായ ചോദ്യ പേപ്പറു കളും ഉണ്ടായിരിക്കും. നിലവിലുള്ള രീതിയിൽ നിന്ന് വ്യത്യസ്തമായി നിശ്ചിത ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥിക്ക് അതിനനുസരിച്ചുള്ള സർട്ടിഫിക്കറ്റുകളും നല്കും.

ഒരു കോഴ്സിന് പരമാവധി ക്രെഡിറ്റ് 4 വരെ നൽകുന്ന സംവിധാനത്തിൽ ഒരു സെമസ്റ്ററിൽ നിശ്ചിത ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥിക്കു മാത്രമേ അടുത്ത സെമസ്റ്ററിൽ രജിസ്റ്റർ ചെയ്യാൻ കഴിയൂ. കൂടാതെ ഉപരി പഠനത്തിനും നിശ്ചിത ക്രെഡിറ്റ് ലഭിച്ചിരിക്കണം.

2009 മുതൽ രണ്ടു വർഷം കൊണ്ട് ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നത്. അതിനായി നിലവിലുള്ള ഗസ്റ്റ് ലക്ചറർമാർക്ക് പകരം സ്ഥിരം യോഗ്യരായ അദ്ധ്യാപക നിയമനം, അടിസ്ഥാന സൗകര്യ വികസനം, മറ്റ് കാര്യങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ സർവ്വകലാശാലാ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ മാറ്റങ്ങൾ കൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | നിലവിലുള്ള തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിനു പകരം വിദ്യാർത്ഥികളുടെ ബഹുമുഖമായ വികസനവും പൗരബോധവുമുള്ള ഉത്തമപൗരൻമാരാക്കി മാറ്റാൻ ഈ പരിഷ്കരണങ്ങൾ മൂലം കഴിയുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. |
| (സി) | ഈ മാറ്റങ്ങൾ വരുത്തുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്തിനു തുല്യമാക്കാൻ കഴിയുമെന്നു കരുതുന്നുണ്ടോ ; | (സി) | ഈ പരിഷ്കാരങ്ങൾ കൊണ്ട് ബിരുദ വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്താൻ കഴിയും എന്നാണ് പ്രതീക്ഷ. |
| (ഡി) | ബിരുദ വിദ്യാഭ്യാസ രംഗത്ത് വരുത്തുന്ന മാറ്റങ്ങൾക്കനുസരിച്ച് ആ രംഗത്തുള്ള അദ്ധ്യാപകർക്ക് ആവശ്യമായ ഓറിയന്റേഷൻ നൽകേണ്ട ആവശ്യമുണ്ടോ ; | (ഡി) യും (ഇ) യും | ബിരുദ വിദ്യാഭ്യാസ രംഗത്തെ ഈ പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് നിലവിലുള്ള ഗസ്റ്റ് ലക്ചറർ സമ്പ്രദായം ഒഴിവാക്കി സ്ഥിരം അദ്ധ്യാപകരെ നിയമിക്കേണ്ടതുണ്ട്. എല്ലാ കോളേജുകൾക്കും ബാധകമായ ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ടാകുകയും ഈ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുകയും വേണം. തുടക്കത്തിൽ യോഗ്യരായ അദ്ധ്യാപകരെ ലഭിക്കുക എന്നത് പ്രയാസമാണെങ്കിലും ബോർഡ് ഓഫ് സ്റ്റഡീസ് തെരഞ്ഞെടുക്കുന്ന പി.ജി. ബിരുദവും അക്കാദമിക് സ്റ്റാഫ് കോളേജ് തയ്യാറാക്കുന്ന അദ്ധ്യാപക പരിശീലനം നേടിയവരുമായ അദ്ധ്യാപകരെ ഉപയോഗിക്കാവുന്നതാണ്. പുതുതായി നിയമിക്കപ്പെടുന്ന എല്ലാ അദ്ധ്യാപകരും മൂന്നു മാസം നീണ്ടു നിൽക്കുന്ന ഒരു ഓറിയന്റേഷൻ കോഴ്സ് പൂർത്തിയാക്കേണ്ടതുണ്ട്. സർവ്വകലാശാലാ തലത്തിൽ അദ്ധ്യാപകർക്കു വേണ്ടി വിപുലമായ രീതിയിൽ ശില്പശാലകൾ നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | അതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ? | | |

Sherly P

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 355

10.12.2008 - ൽ മറുപടിയ്ക്ക്

സഹകരണ നിയമത്തിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.വി. ചെന്താമരാക്ഷൻ:<br>ശ്രീ. എം. ദിനേശ് മണി:<br>ശ്രീ. എം.എം. മോനായി:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (ബി) ഇതിനായി രൂപീകരിച്ച ശ്രീ. ഇ. നാരായണൻ കമ്മിറ്റി, ഭേദഗതി നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്ന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് ; | (സി) റിപ്പോർട്ടിലെ ശുപാർശകൾ താഴെ പറയും പ്രകാരമാണ്.<br>1. സഹകരണ നിയമത്തിലെ ആമുഖത്തിൽ തന്നെ സഹകരണ തത്വങ്ങൾ ഉൾപ്പെടുത്തുക.<br>2. ജില്ലാ സഹകരണ ബാങ്കിലെ വോട്ടവകാശം പ്രാഥമിക കാർഷിക വായ്പാ സംഘത്തിനും അർബൻ ബാങ്കിനും മാത്രമായി നിജപ്പെടുത്തുക.<br>3. അർബൻ ബാങ്കുകളുടെ കേന്ദ്ര ബാങ്ക് രൂപീകരണം<br>4. സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് ജില്ലാ തലത്തിൽ റിക്രൂട്ട്മെന്റ് നടത്തുക |

5. ആർബിട്രേഷൻ കോടതി മൂന്ന് മേഖലകളിൽ ആരംഭിക്കുക.

6. ജില്ലാ ബാങ്കുകളുടെയും അപ്പെക്സ് സംഘങ്ങളുടെയും പി.എസ്.സി.ക്ക് വിട്ട നിയമനങ്ങളിൽ ക്ലാർക്ക് തസ്തികയ്ക്ക് താഴെയുള്ളവയിലെ നിയമനാധികാരം ഭരണ സമിതിക്ക് നൽകുക.

7. പഞ്ചായത്തുകളുടെയും പ്രാഥമിക സംഘങ്ങളുടെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള നിയമ നിർമ്മാണം നടത്തുക.

8. സംഘങ്ങളിലെ ഭരണ സമിതികളിൽ നിക്ഷേപകർക്ക് ഒരു സീറ്റ് റിസർവ്വ് ചെയ്യുക.

9. വാർഷിക പൊതുയോഗം കൂടാത്ത ഭരണ സമിതികളെ പിരിച്ചുവിടുക.

10. സഹകരണസംഘം രജിസ്ട്രാറുടെ അധികാരങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തുക.

11. ബൈലോ രജിസ്ട്രേഷൻ 30 ദിവസത്തിനകം ചെയ്യാത്തപക്ഷം ആയത് രജിസ്റ്റർ ചെയ്തതായി കണക്കാക്കുക.

12. സംഘങ്ങളിലെ ജീവനക്കാർ ചെയ്യുന്ന കുറ്റങ്ങളിൻമേലുള്ള അന്വേഷണത്തിന് ഭരണസമിതിയിലെ 3 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അച്ചടക്കസമിതിയെ നിയമിക്കാനും വേണമെങ്കിൽ പുറമെയുള്ള ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും നിയമ നിർമ്മാണം നടത്തുക.

13. ആശുപത്രി സംഘങ്ങൾ ഒഴികെയുള്ള സംഘങ്ങളിൽ വരുമാനത്തിന്റെ 2.5%-ൽ അധികരിക്കാത്ത തുക മാത്രം ഭർചെലവിനും സിൽബന്തി

ചെലവിനുമായി ചെലവഴിക്കാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തുക.

14. ചട്ടം 63 (3)-ൽ തരളധനം ചുരുങ്ങിയത് 10 ശതമാനമെങ്കിലും സൂക്ഷിക്കുന്നതിന് സംഘം സെക്രട്ടറിയെ ഉത്തരവാദിയാക്കുക.

15. സംഘങ്ങളിലെ ഉദ്യോഗക്കയറ്റം, അക്കൗണ്ടന്റ് മുതലുള്ള എല്ലാ തസ്തികകൾക്കും ഇന്റേണൽ ടെസ്റ്റ് നടത്തി മാത്രം ഉദ്യോഗക്കയറ്റം നടത്തുക.

16. സഹകരണസംഘങ്ങളിലെ ധനാപഹരണം പോലെയുള്ള കുറ്റങ്ങൾ തടയുന്നതിന് പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയമിക്കുക.

17. എല്ലാ വായ്പാ സംഘങ്ങൾക്കും ഗഹാൻ സമ്പ്രദായം ബാധകമാക്കുക

18. ഓഡിറ്റിനുവേണ്ടി പ്രത്യേക ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുക, ഓഡിറ്റ് മാനുവൽ പരിഷ്കരിക്കുക.

19. സഹകരണ സർവ്വീസ് റൂൾസ് നടപ്പിലാക്കുക.

20. സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും മെമ്പർമാർക്കും വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ബഡ്ജറ്റിൽ 3 ശതമാനം വരെ തുക വകയിരുത്തുക.

21. സഹകരണ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുന്ന സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർ കടം തിരിച്ചടയ്ക്കാതിരുന്നാൽ അവർക്ക് ശിക്ഷാ നടപടികൾ നിയമത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുക.

22. പലവക സംഘങ്ങളെ നിർവചിച്ചു കൊണ്ട് വ്യവസ്ഥയുണ്ടാക്കുക.

23. ജാമ്യക്കാരിൽ നിന്നും വായ്പ തുക ഈടാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുക.

24. അംഗങ്ങൾ തമ്മിൽ ഇടപാടു നടത്തുന്നതിനെയും സ്വത്ത് കൈമാറ്റത്തെയും കുറിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകുന്ന കാര്യത്തിൽ വ്യക്തമായ നിർവ്വചനം നൽകിക്കൊണ്ട് വ്യവസ്ഥയുണ്ടാക്കുക.

25. ആർബിട്രേഷൻ കേസ് ഫയൽ ചെയ്യാൻ ഒരു വർഷത്തിനകം തീർപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

26. ഭരണസമിതി തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും മാറ്റി സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കു നൽകുന്നതിന് വ്യവസ്ഥ ചെയ്യുക.

27. കാർഷിക മേഖലയുടെ വികസനത്തിനും, അഭിവൃദ്ധിക്കുമായി സംസ്ഥാന സഹകരണ ബാങ്കിന്റെയും, ജില്ലാ ബാങ്കിന്റെയും പ്രൈമറി ബാങ്കിന്റെയും കൂട്ടായ്മയിൽ കമ്പനികളും ട്രസ്റ്റുകളും രൂപീകരിച്ച് ആവശ്യമായ ഫണ്ട് നൽകാൻ വ്യവസ്ഥ ചെയ്യുക.

28. നഷ്ടം ഉണ്ടെങ്കിൽ പോലും ഓഹരി ഉടമകൾക്ക് 5 ശതമാനം വരെ പ്രതിഫലം നൽകുക.

29.സംഘം ഭരണ സമിതികളെ പിരിച്ചു വിടുന്നതിനുള്ള നോട്ടീസ് ചീഫ് എക്സിക്യൂട്ടിവിനും, പ്രസിഡന്റിനും നൽകുന്നതിന് വ്യവസ്ഥ ചെയ്യുക.

30. വായ്പയുടെ കാലാവധി കഴിഞ്ഞിട്ടും കുടിശ്ശിക വായ്പകളിൽ ആർബിട്രേഷൻ ഫയൽ ചെയ്യാതിരുന്നാൽ ആയതു

മൂലമുള്ള നഷ്ടം ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

31. പ്രൈമറി സംഘങ്ങളുടെ രജിസ്ട്രേഷൻ നടത്തിയ പ്രദേശങ്ങളിൽ മറ്റുപേരുകളിൽ പ്രൈമറി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് തടയുക.

32. അറ്റൻഡർ, പ്യൂൺ തസ്തികകളുടെ യോഗ്യത 7-ാം ക്ലാസ് മുതൽ 10-ാംക്ലാസ് വരെ ആക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

33. ഉദ്യോഗസ്ഥ ജാമ്യത്തിനു മേൽ വായ്പ നൽകുകയാണെങ്കിൽ ഒരു ഉദ്യോഗസ്ഥ ജാമ്യത്തിൻമേൽ 50,000/- രൂപ വരെ വായ്പ നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുക.

34. ജില്ലാ ബാങ്കുകളുടെയും പ്രൈമറി ബാങ്കുകളുടെയും കൂട്ടായ്മയിൽ രണ്ട് ജില്ലയ്ക്ക് ഓരോ മെഡിക്കൽ കോളേജ്, ഓരോ നിയോജക മണ്ഡലത്തിലും ഓരോ എഞ്ചിനീയറിംഗ് കോളേജ്, പ്രധാന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ രൂപീകരിക്കാൻ വ്യവസ്ഥ ഉൾപ്പെടുത്തുക.

35. ആശുപത്രികൾ ഇല്ലാത്ത കേന്ദ്രങ്ങളിൽ ആശുപത്രികൾ, ലാബൊറട്ടറി, ബ്ലഡ് ബാങ്ക്, സ്കാനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുക.

35-എ).സഹകരണ മേഖലയിലെ എഞ്ചിനീയറിംഗ്, മെഡിക്കൽ, ബി.എസ്.സി. ജനറൽ നഴ്സിംഗ് കോളേജുകളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശിക്കുന്ന നോംസ് അനുസരിച്ച്

ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുക.

36. സർക്കാർ ഫണ്ടുകൾ, തൊഴിൽ ഉറപ്പു പദ്ധതി ഫണ്ടുകൾ, ദേവസ്വം ബോർഡ്, ക്ഷേമനിധി ബോർഡു ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുക.

37. പി.എസ്.സി., സഹകരണ പരീക്ഷാ ബോർഡ് മുഖേന നിയമനം നടത്തുന്ന സംഘങ്ങളിൽ ജീവനക്കാരന്റെ അടുത്ത ബന്ധുവിന് കമ്മിറ്റി അംഗമാകു ന്നതിനുള്ള അയോഗ്യത എടുത്തു കളയുക.

38. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ കീഴിലുള്ള സഹകരണ ബാങ്കുകളിലും, 50 കോടി വിറ്റുവരവുള്ള മാർക്കറ്റിംഗ് സംഘങ്ങളുടെയും ഓഡിറ്റ് ചാർട്ടേഡ് അക്കൗണ്ടന്റ്മാർക്ക് നൽകുക.

39. ഭരണസമിതിക്കെതിരെ അവിശ്വാസ പ്രമേയത്തിൽ വോട്ടു ചെയ്യുന്നതിന് നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകുക.

40. 1000-ത്തിൽ താഴെ അംഗങ്ങളുള്ള സംഘങ്ങളിലെ പൊതുയോഗ നോട്ടീസ് സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് മുഖേനയാക്കുക.

41. സംഘങ്ങളുടെ സ്റ്റാഫ് പാറ്റേൺ-തരംതിരിവ് ഇവ കാലാനു സൃതമായി പരിഷ്കരിക്കുക.

42. ബോണസ് ആക്ടിനു വധേയമായി രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ മാത്രമേ സംഘം ജീവനക്കാർക്ക് ബോണസ് നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുക.

43. ക്രമക്കേടുകൾ മൂലം പിരിച്ചുവിടപ്പെട്ട ഭരണസമിതി അംഗത്തെ അടുത്ത അഞ്ചുവർഷത്തേക്ക് മത്സരിക്കുന്നതിന് അയോഗ്യത കൽപ്പിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുക.

44. സംഘങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരേയും നിയമിച്ച്, കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനും വ്യവസ്ഥ ചെയ്യുക.

45. ജീവനക്കാരുടെ യോഗ്യത/ഉദ്യോഗകയറ്റം എന്നിവ സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുവാനുള്ള വ്യവസ്ഥ ചെയ്യുക.

46. സർക്കിൾ സഹകരണ യൂണിയനുകളുടെ ചുമതലകൾ ആക്റ്റിൽ നിർവചിക്കുകയും അവയുടെ പ്രവർത്തനം കാലോചിതമായി വിപുലപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുക.

47. സഹകരണ ക്ഷേമ വികസന ഫണ്ടിലേക്ക് സംഘങ്ങളുടെ വിഹിതം നിർബന്ധമാക്കുക.

48. സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യുക

49. വിധി നടത്തപേക്ഷ രജിസ്ട്രാർ മുമ്പാകെ അല്ലാതെ റവന്യൂ റിക്കവറി പ്രകാരം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർട്ടിഫിക്കറ്റ് നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥ ചെയ്യുക.

50. സഹകരണ ട്രൈബ്യൂണലുകൾ 6 മാസത്തിനകം അപ്പീൽ തീർപ്പു കൽപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

51. ഓഡിറ്റ് റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത സാമ്പത്തിക ക്രമക്കേട്

പിന്നീട് കണ്ടുപിടിക്കപ്പെട്ടാൽ പ്രസ്തുത സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഓഡിറ്ററെ കൂടി ബാദ്ധ്യസ്ഥപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുക.

52. ഭരണ സമിതിയിലുണ്ടാകുന്ന ഇടക്കാല ഒഴിവുകൾ ടി കമ്മിറ്റിയ്ക്ക് തന്നെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്യുക.

53. സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം പൂർണ്ണമായും സർക്കാർ വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

54. സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ, ഏകീകൃത അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

55. പണയ വസ്തുക്കൾ ലേലം ചെയ്തു വിൽക്കുമ്പോൾ സംഘങ്ങൾക്ക് ലഭിക്കുവാനുള്ള തുകയ്ക്ക് അനുസൃതമായി മാത്രമേ വസ്തു ലേലം ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്യുക.

56. എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുക.

57. സഹകരണ വിദ്യാഭ്യാസ ഫണ്ടിന്റെ പരമാവധി തുക 40,000/-ൽ നിന്നും 50,000/- ആക്കുക. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളും വിദ്യാഭ്യാസ ഫണ്ട് നൽകാൻ വ്യവസ്ഥ ചെയ്യുക.

58. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം സഹകരണ വിദ്യാഭ്യാസ ഫണ്ട് യൂണിയന് അടയ്ക്കാത്ത പക്ഷം 24

ശതമാനം പിഴ അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

59. പ്രവർത്തിക്കാതിരിക്കുന്നതും പ്രവർത്തന മാന്ദ്യം സംഭവിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുക.

(ഡി) ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി കൊണ്ടുവരുന്നതിന് അന്തിമ നടപടി സ്വീകരിക്കുമോ ?

(ഡി) കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ പരിഗണിക്കുവാൻ കഴിയുന്നവ അംഗീകരിച്ച് ഭേദഗതി കൊണ്ടുവരുന്നതിന് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ഒപ്പം സർക്കാർ ചില സുപ്രധാന വകുപ്പുകളും പുതുതായി ചേർത്ത് ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 356** 10-12-2008-**ൽ മറുപടിക്ക്**

## കോളേജുകളിൽ ജോലിസാധ്യതയുള്ള പുതിയ കോഴ്സുകൾ

| ചോദ്യം<br>ശ്രീ.കെ.സുധാകരൻ:<br>ശ്രീ.എം.മുരളി: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
|---|---|
| എ) സംസ്ഥാനത്തെ കോളേജുകളിൽ ജോലിസാധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട്;<br><br>ബി) ഇവ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | <u>എ)യും ബി) യും:</u><br>കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള 10 ഗവ.കോളേജുകളിലായി 26 പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. മേൽപ്പറഞ്ഞ പ്രൊപ്പോസലിൽ മലപ്പുറം. തിരൂർ എന്നിവിടങ്ങളിലെ ഗവ.കോളേജിൽ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, മഞ്ചേശ്വരം ഗവ.കോളേജിൽ എം.ടി.എ. (മാസ്റ്റർ ഓഫ് ടൂറിസം അഡ്മിനിസ്ട്രേഷൻ) എന്നീ പുതിയ കോഴ്സുകൾ ഉൾപ്പെടുന്നു. മൊകേരി ഗവ.കോളേജിൽ 2 പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും മടപ്പള്ളി ഗവ.കോളേജിൽ ബി.എ.മലയാളം, എം.എ.ഇംഗ്ലീഷ്, എം.എസ്.സി. ബോട്ടണി എന്നീ കോഴ്സുകളും കോഴിക്കോട് ഗവ.ആർട്സ് & സയൻസ്കോളേജിൽ എം.എ.മലയാളം, എം.എ.ഇംഗ്ലീഷ്, എം.എസ്.സി. അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, ബി.ബി.എ. എന്നീ പുതിയ കോഴ്സുകളും തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ ഉണ്ട്.<br><br>പാലക്കാട് ചെമ്പൈ മെമ്മോറിയൽ ഗവ. സംഗീത കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.<br><br>തൊഴിൽ സാധ്യതയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ ബി.എഡ്., എം.എഡ്. എന്നിവയ്ക്കുള്ള അപേക്ഷകൾ സർക്കാർ |

| | |
|---|---|
| | കൈകാര്യം ചെയ്തുവരുന്നുണ്ട്. വിവിധ സർവകലാശാലകൾ ശുപാർശചെയ്തിട്ടുള്ള അപേക്ഷകളുടെ പട്ടികയിൽ 28 എണ്ണം ബി.എഡ്. കോഴ്സുകൾക്കും 9 എണ്ണം എം.എഡ്. കോഴ്സുകൾക്കും 1 എണ്ണം ബി.പി.എഡ്. കോഴ്സിനും ഉള്ളതാണ്.<br><br>ബന്ധപ്പെട്ട സർവകലാശാലകളുടെയും എൻ.സി.റ്റി.ഇ.യുടെയും അംഗീകാരം നേടിയിട്ടുള്ള അപേക്ഷകൾ സർക്കാരുമായി ഒരു നിശ്ചിത കരാറിൽ ഏർപ്പെടുന്ന പക്ഷം ഈ കോഴ്സുകൾ അനുവദിക്കാം എന്നതാണ് സർക്കാർ നയം. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അധികസാമ്പത്തിക ബാധ്യതയുൾപ്പെടെ വിശദമായ പ്രൊപ്പോസൽ നൽകുന്ന മുറയ്ക്ക് ധനവകുപ്പിന്റെ അംഗീകാരത്തോടുകൂടി സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.<br><br>സാങ്കേതികവിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ള തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ എം.ടെക് കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള എൻ.ഒ.സി. സർക്കാർ നൽകിയിട്ടുണ്ട്. 7 പോളിടെക്നിക്ക് കോളേജുകളിൽ പുതിയ കോഴ്സു തുടങ്ങുന്നതിനുള്ള അപേക്ഷകൾ എ.ഐ.സി.റ്റി. സ്റ്റേറ്റ് ലവൽ കമ്മിറ്റിക്ക് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ഇല്ലെങ്കിൽ എന്തുകൊണ്ട്? | സി) ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 357* — 10.12.2008 ൽ മറുപടിക്ക്

## കരാറുകാരുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പി.ഡബ്ല്യു.ഡി. കരാറുകാർക്ക് ഇപ്പോൾ എത്ര തുകയുടെ കുടിശ്ശിക കൊടുക്കാനുണ്ട് ; | (എ) എൻ.എച്ച്. വിഭാഗത്തിൽ കുടിശ്ശിക നിലവിലില്ല. പാതകളും പാലങ്ങളും വിഭാഗത്തിൽ 2008 സെപ്തംബർ വരെയുള്ള കുടിശ്ശികയും കെട്ടിട വിഭാഗത്തിൽ 31.8.2008 വരെയുള്ള കുടിശ്ശികയും കൊടുത്ത് തീർത്തിട്ടുണ്ട്. |
| (ബി) കരാറുകാർക്ക് കുടിശ്ശികയാകുന്ന തുകയ്ക്ക് പലിശ നൽകുന്നുണ്ടോ ; | (ബി) സാധാരണഗതിയിൽ പലിശ നൽകാറില്ല. എന്നാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പലിശ നൽകാറുണ്ട്. |
| (സി) എങ്കിൽ എത്രശതമാനം എന്നു വ്യക്തമാക്കുമോ ; | (സി) ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) കുടിശ്ശിക വന്നശേഷം പുതിയ പണി ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത പ്രകടിപ്പിക്കുന്നുണ്ടോ ;<br>(ഇ) എങ്കിൽ അതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗമെന്തെന്ന് വിശദമാക്കുമോ ? | (ഡി) & (ഇ)<br>ബിൽ കുടിശ്ശിക ഉണ്ടായിരുന്ന സമയത്ത് പുതിയ പണി ഏറ്റെടുക്കുന്നതിന് ചില കരാറുകാർ വിമുഖത പ്രകടിപ്പിച്ചിരുന്നു. കുടിശ്ശിക തീർത്ത ശേഷം പണികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 358

10-12-2008-ൽ
മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. **പി.സി.ജോർജ്ജ്** | ശ്രീ. എം.എ. **ബേബി**<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) **ഈ** സർക്കാർ അധികാര**ത്തിൽ** വന്ന ശേഷം **സാങ്കേ**തിക വിദ്യാഭ്യാസ **മേഖലയിൽ** എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടു വന്നിട്ടുള്ളത്; വ്യക്തമാക്കുമോ ; | (എ) എഞ്ചിനീയറിംഗ് **കോളേജുകളുടെ അക്കാദമിക്** നിലവാരം **ഉയർത്തുന്നതിനുള്ള ഉപദേശം** നൽകുന്നതിനായി **ഒരു അക്കാഡമിക് കമ്മിറ്റി** രൂപീകരിച്ചു. **ഫൈൻ ആർട്ട്സ് കോളേജുകളുടെ** പ്രവർത്തനങ്ങളെക്കുറിച്ച് **പഠിക്കുന്നതിനും** കോളേജുകളെ **മികവിന്റെ കേന്ദ്രങ്ങളായി** ഉയർത്തുന്നതിനുമുള്ള **ശുപാർശകൾ** നൽകുന്നതിനുമായി **ഒരു** വിദഗ്ധ **കമ്മിറ്റിയെ** നിയമിച്ചു. **പ്രശസ്തരായ അദ്ധ്യാപകരെയും** സാങ്കേതിക വിദഗ്ധ**രെയും ഉൾപ്പെടുത്തി ഏറ്റവും** പുതിയ **സാങ്കേതികവിദ്യയും വ്യവസായ** മേഖലയിലെ **ആവശ്യകതയും കുറിച്ച്** വിദ്യാർത്ഥികളെയും **അദ്ധ്യാപകരെയും** ബോധവാൻമാരാക്കുന്ന**തിന് എഞ്ചിനീയറിംഗ്** കോളേജുകളിലും **ഫൈൻ ആർട്ട്സ്** കോളേജുകളിലും **വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം** നടപ്പിലാക്കി. **തിരുവനന്തപുരം ജില്ലയിലെ** നെടുമങ്ങാട് **താലൂക്കിൽ IISER** സ്ഥാപിച്ചു. **ISRO**യുടെ **കീഴിൽ തിരുവനന്തപുരത്ത് IIST** ആരംഭിച്ചു. **പാലക്കാട് ജില്ലയിൽ ഒരു IIT** സ്ഥാപിക്കുന്ന**തിനുള്ള** പ്രൊപ്പോസൽ **കേന്ദ്ര** ഗവൺമെന്റിന് **സമർപ്പിച്ചു. കൂടാതെ കേന്ദ്ര** സഹായത്തോടെ **പോളിടെക്നിക്കുകളെ** ശക്തിപ്പെടുത്തുന്നതിനും **എൻജിനീയറിംഗ്** കോളേജുകളിൽ **ഹൈസ്പീഡ് കമ്പ്യൂട്ടിംഗ്** സൗകര്യം ഏർപ്പെടുത്തുന്നതിനും, **IHRD,CCE, LBS** എന്നിവയുടെ **ആഭിമുഖ്യത്തിൽ പുതിയ** സ്ഥാപനങ്ങൾ **സ്ഥാപിക്കുന്നതിനുമുള്ള** |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br><br>കേരളത്തിലെ എല്ലാ പോളിടെക്നിക്കുകളിലും സൗജന്യ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി. പയ്യന്നൂർ വനിതാ പോളിയിൽ വനിതാ റിസോഴ്സ് സെന്റർ സ്ഥാപിച്ചു. NABARD-ന്റെ സഹായത്തോടെ ടെക്നിക്കൽ ഹൈസ്കൂളുകൾ, പോളിടെക്നിക്ക് എന്നിവയ്ക്ക് കെട്ടിടം പണിയാനുള്ള പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) | യൂണിവേഴ്സിറ്റികളിലെ ഭരണ സമിതി യിലേക്ക് വിദ്യാഭ്യാസ വിചക്ഷണന്മാരെ നോമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) | യൂണിവേഴ്സിറ്റികളുടെ ഭരണ സമിതികളിൽ വിദ്യാഭ്യാസ വിചക്ഷണന്മാരെ ഇപ്പോൾതന്നെ നോമിനേറ്റ് ചെയ്യപ്പെടുന്നുണ്ട്. |
| (സി) | ഉന്നവിദ്യാഭ്യാസ മേഖലയിലും, സാങ്കേതിക വിദ്യാഭ്യസ മേഖലകളിലും ഈ സർക്കാർ വന്ന ശേഷം എത്ര പുതിയ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) | 16 പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | കോളേജുകളിൽ നിലവിലുള്ള കൺവെൻഷനൽ കോഴ്സുകൾക്ക് പകരം കൂടുതൽ തൊഴിൽ സാധ്യത ഉള്ള കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കോളേജുകളിൽ കൺവെൻഷണൽ കോഴ്സുകളോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## Annexure

1.Morazha Educational Co-operative Society Ltd, Morazha

2. Co-operative Institute of Education Paramedical & Technology Ltd, Madai

3. Academy of Management and Science & Technology Co-operative Society Kalliassery LTd , Kalliassery

4. Global Education and Management studies Co-operative Ltd , Ramapuram, Malappuram

5. Co-operative Institute of Educational Paramedical & Technology Ltd, Madai

6. Mahatmas College of Education Under Mahatma Educational Society, Nilewar, Kasaragod

7. Karikkad Devaswam, Thrikkalangode, Malappuram

8. Chavara Educational Trust, West Hill, Caliut

9. Darual Huda Arts & Science College, Kuttiady, Kozhikode

10.Minority Arts & Science College, Othalur, Palakkad

11. CET College of Management, Science & Technology, Under Christian Educational Trust, Ernakulam

12. KMM College of Arts & Science, Ernakulam under Jaibharath Educational Agency

13. Jamia Hikamiyya Arts & Science College under Jamia Hikamiyya Managing Committee, Malappuram

14. Maidinu Ssaquafathil Islamiya, Malappuram

15.KVM College of Special Education, Cherthala

16.K.E.T College of Teacher Education, Ulliyeri, Kozhikode

SO

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 359

10-12-2008- ൽ
മറുപടിയ്ക്ക്

## വിദ്യാഭ്യാസ ഗവേഷണ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്. | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഏതെല്ലാം വിദ്യാഭ്യാസ- ഗവേഷണ കേന്ദ്രങ്ങളാണ് കേരളത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത് ; ഇത്തരത്തിൽ പുതുതായി ഏതെല്ലാം സ്ഥാപനങ്ങളാണ് കേരളത്തിൽ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിയ്ക്കുമോ ; | (എ) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ<br>(1) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ & റിസർച്ച് , തിരുവനന്തപുരം<br>(2) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് & ടെക്നോളജി തിരുവനന്തപുരം<br><br>സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥാപനങ്ങൾ<br>(1) കേന്ദ്രസർവ്വകലാശാല<br>(2) ലോകനിലവാരമുള്ള സർവകലാശാല<br>(3) ഐ.ഐ.ഐ.ടി.<br>(4) അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ് സെന്റർ<br>(5) ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ് |
| (ബി) ഇത്തരത്തിൽപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) മുകളിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കു പുറമെ ഒരു ഐ.ഐ.ടി സ്ഥാപിക്കണമെന്നും കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഐ.ഐ.ടി ആയി ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഈ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ് ; ഈ കാര്യത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പ്രത്യേക അവകാശങ്ങൾ അനുവദിച്ചിട്ടുണ്ടോ ? | (സി) പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക അവകാശങ്ങൾ ഒന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 360* — 10.12.2008 ൽ മറുപടിക്ക്

## തലസ്ഥാനനഗരിയിലെ റോഡ് പണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ:ടി.എൻ.പ്രതാപൻ<br>ശ്രീ. ജി. കാർത്തികേയൻ: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് തലസ്ഥാന നഗരിയിലുള്ള ഏതെല്ലാം റോഡുകൾ വികസിപ്പിക്കാനാണ് പദ്ധതിയിട്ടത് ; | (എ) തിരുവനന്തപുരം നഗരവികസന പദ്ധതിയിൻ കീഴിൽ തലസ്ഥാനത്ത് ആകെ 42.കി.മീ. ദൈർഘ്യമുള്ള 9 റോഡുകളും 3 ലിങ്ക് റോഡുകളും 2 ഫ്ളൈ ഓവറുകളും ഒരു അണ്ടർപാസ്സും ഉൾപ്പെടെയുള്ള പ്രോജക്ട് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. (റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| (ബി) പ്രസ്തുത റോഡുകളുടെ പണി എത്ര ശതമാനം പൂർത്തിയാക്കിയപ്പോഴാണ് ഈ സർക്കാർ നിലവിൽ വന്നത്; | (ബി) 33% പണി പൂർത്തിയാക്കിയപ്പോഴാണ് ഈ സർക്കാർ നിലവിൽ വന്നത്. |
| (സി) ബാക്കിപണികളുടെ പണി പുനരാരംഭിക്കുന്നതിന്റെ ഉദ്ഘാടനം നടത്തിയതെന്നായിരുന്നു : | (സി) മുടങ്ങിക്കിടന്നിരുന്ന തലസ്ഥാന നഗരവികസന പദ്ധതി പുന:രാരംഭിച്ചത് 2008 മാർച്ച് 11 നാണ്. |

| | |
|---|---|
| (ഡി) അതിനുശേഷം എത്ര ശതമാനം പണികൂടി നടത്തി;<br>(ഇ) ഈ ഘട്ടം പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഡി)&(ഇ) പ്രവർത്തനങ്ങൾ മുടങ്ങിപ്പോകാൻ മുഖ്യകാരണമായിരുന്ന ഭൂമി ഏറ്റെടുക്കൽ 98% വും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ ഉണ്ടായ കാലതാമസവും വൈദ്യുതി ടെലഫോൺ പോസ്റ്റുകളും ഭൂമിക്കടിയിലൂടെ കടന്നു പോകുന്ന കേബിളുകളും ജലവിതരണ പൈപ്പുകളും മാറ്റിസ്ഥാപിക്കുന്നതിന് വളരെയേറെ സമയം ആവശ്യമായിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ ഇപ്പോൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## തലസ്ഥാനനഗരവികസന പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ

1. സ്റ്റുഡൻസ് സെന്റർ - എൽ.എം.എസ് - വെള്ളയമ്പലം - കവടിയാർ റോഡും വെള്ളയമ്പലം- ശാസ്തമംഗലം റോഡ്
2. എൽ.എം.എസ് - അട്ടക്കുളങ്ങര റോഡ് (എം.ജി. റോഡ്)
3. മ്യൂസിയം -ബേക്കറി തമ്പാനൂർ- ഓവർ ബ്രിഡ്ജ് റോഡ്
4. പാളയം-പേട്ട - എയർപോർട്ട് റോഡ്
5. (എ) പാറ്റൂർ - വഞ്ചിയൂർ - ഉപ്പിടാംമൂട് - തകരപ്പറമ്പ് -പവ്വർഹൗസ് റോഡ്- ചൂരക്കാട്ടുപാളയം

   (ബി) നാലുമുക്ക്- ഉപ്പിടാംമൂട് - കൈതമുക്ക് - തകരപ്പറമ്പ്
6. വാൻറോസ് - ഊറ്റുകുഴി - സെക്രട്ടറിയേറ്റ് റോഡ്
7. പട്ടം- മരപ്പാലം - കവടിയാർ റോഡ്
8. പട്ടം - മെഡിക്കർകോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ്
9. കവടിയാർ - പേരൂർക്കട - വഴയില റോഡ്

### നാഷണൽ ഹൈവേ ലിങ്ക് റോഡുകൾ

1. ബി.പി. 1 - അട്ടക്കുളങ്ങര - ശ്രീവരാഹം - ഈഞ്ചയ്ക്കൽ
2. ബി.പി. 2 - തകരപ്പറമ്പ് - ഈഞ്ചയ്ക്കൽ - നാഷണൽഹൈവേ ബൈപാസ്സ്
3. ബി.പി 3 - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തിറോഡ് - നാഷണൽ ഹൈവേ ബൈപാസ്സ്

Section Officer